# kerala private COLLEGE TEACHER

No. 126

August 1995

## മെമ്പർഷിപ്പ് തുക അയയ്ക്കുക

എ. കെ. പി. സി. ടി. എ മെമ്പർഷിപ്പ് തുക എത്രയും വേഗം ട്രഷറർക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.'

ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും 'FEROKE'–ൽ മാററത്തക്കവിധമുള്ള DD എടുത്ത് അയയ്ക്കുക.

ട്രഷററുടെ വിലാസം :

M. SALIM
10, PLEASANT DALE
FAROOK COLLEGE P.O ,
KOZHIKODE-673 632

---

## എ. കെ. പി. സി. ടി. എ
## പ്രവർത്തക ക്യാമ്പ്
## ആലുവ Y M C A ഹാളിൽ
## 1995 ഒക്ടോബർ 7, 8

---


കേരള പ്രൈവററ് കോളേജ് ടീച്ചർ

ലക്കം : 126

ആഗസ്ററ് 1995



എഡിററർ : വി. എൻ. മുരളി

മാനേജിംഗ് എഡിററർ : എ. പ്രതാപചന്ദ്രൻനായർ

അംഗങ്ങൾ : എസ്. വിശ്വനാഥൻ, കെ. പി. ദിവാകരൻനായർ, എം. സലിം, ജോയ് ജോബ് കുളവേലി, ടി. എൻ. മനോഹരൻ വി. രാജേന്ദ്രൻനായർ, ജോണി കെ. ജോൺ, കെ.സി. കുട്ടപ്പൻനായർ ജി. എസ്. സുരേഷ്, കെ. രാജേന്ദ്രബാബു, ജെ. ചന്ദ്ര

# സെപ്ത: 27ന് കേരളയൂണിവേഴ്സിററി അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പ്

# AKPCTA-AKGCT സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

കേരള യൂണിവേഴ്സിററി അക്കാദമിക് കൗൺസിലിലേക്ക് അദ്ധ്യാപക മണ്ഡലത്തിൽനിന്നുള്ള തെരഞ്ഞെടുപ്പ് സെപ്തംബർ 27 ന് നടക്കുകയാണ്. മുൻവർഷങ്ങളിലെപ്പോലെ എ കെ.പി.സി.ടിഎ–എ.കെ ജി.സി.ടി സംഘടനകൾ സംയുക്തമായി ഇത്തവണയും മത്സരിക്കുന്നു. നമ്മുടെ 25 സ്ഥാനാർത്ഥികളിൽ ഫിസിക്സ് സ്ഥാനാർത്ഥി പ്രൊഫ. കെ.എ. കുര്യനും (ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര) ഫ്രഞ്ച് സ്ഥാനാർത്ഥി ശ്രീമതി സെൽന ഫെർനാണ്ടസും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. മററ്23 സ്ഥാനാർത്ഥികളുടേയും വിജയത്തിനായി ശക്തമായ പ്രവർത്തനം നടത്തണമെന്ന് എല്ലാ അദ്ധ്യാപകരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഇപ്പോൾ നടക്കുന്ന ഈ തെരഞ്ഞെടുപ്പിന് വലിയ പ്രാധാന്യമുണ്ട്. സർവ്വകലാശാലാ ജനാധിപത്യം ഇല്ലായ്മ ചെയ്യാൻ കൊണ്ടുവന്ന ''ഏകീകൃത യൂണിവേഴ്സിററി'' നിയമത്തെ താല്ക്കാലികമായെങ്കിലും തടഞ്ഞുനിർത്താൻ എ കെ പി സി ടി എ–എ കെ ജി സി ടി സംഘടനകൾക്കു കഴിഞ്ഞു. അതുകൊണ്ടാണ് ഇപ്പോൾ ഈ തെരഞ്ഞെടുപ്പുണ്ടായത്. കഴിഞ്ഞകുറെക്കാലമായി കേരള യൂണിവേഴ്സിററിയിൽ നടന്നുവരുന്ന കാര്യങ്ങൾ എല്ലാവർക്കുമറിയാം. സർവ്വകലാശാല ജനാധിപത്യം കാററിൽപ്പറത്തിയിരിക്കയാണ്. അക്കാദമിക് കൗൺസിലിനെ നോക്കുകുത്തിയാക്കിക്കൊണ്ട് എന്തെന്തെല്ലാം വിചിത്ര തീരുമാനങ്ങളാണ് ഉണ്ടായിരിക്കുന്നത്! യൂണിവേഴ്സിററി നിയമത്തിൽപ്പോലുമില്ലാത്ത അൺഎയ്ഡഡ് കോളേജുകളും മററും വ്യാപകമായി അനുവദിച്ച് വിദ്യാഭ്യാസരംഗം തനിക്കച്ചവടമായി തരംതാഴ്ത്തിയിരിക്കുന്നു. നിലവിലുള്ള അഫിലിയേററഡ് കോളേജുകളേയും അവിടെ പണിയെടുക്കുന്ന അദ്ധ്യാപകരേയും അപകടപ്പെടുത്തുന്ന അനവധി തീരുമാനങ്ങളാണ് ഉണ്ടായിരിക്കുന്നത്.

തെരഞ്ഞെടുക്കപ്പെട്ട സമിതികൾ വേണ്ട; നോമിനേററു ചെയ്യപ്പെടുന്ന ആജ്ഞാനുവർത്തികൾ മതി എന്ന ശൈലിയാണ് അധികൃതർ വളർത്തുന്നത്. ഇതിനെതിരേ ശക്തമായ ചെറുത്തുനില്പാണ് എ കെ പി സി ടി എ-എ കെ ജി സി ടി സംഘടനകൾ നടത്തിയത്. കോടതിവഴിയുള്ള നിയമസംരക്ഷണവും നേടിയെടുക്കാൻ നമുക്കു കഴിഞ്ഞു. ഇത്തരത്തിൽ പോരാട്ടവും നിയമയുദ്ധവും നമ്മൾ നടത്തുമ്പോൾ മററു സംഘടനകൾ എവിടെ ആയിരുന്നു? അവർ ഏകീകൃത സർവ്വകലാശാലാ നിയമത്തെ വാനോളം പുകഴ്ത്തുകയായിരുന്നു; നോമിനേഷനിലൂടെ യൂണിവേഴ്സിററിയിൽ കടന്നുകൂടാൻ തിരക്കുകൂട്ടുകയായിരുന്നു. ഇവരാണ് ഇപ്പോൾ അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ യാതൊരുളുപ്പുമില്ലാതെ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. മാനേജുമെൻറുകൾക്കുവേണ്ടി സെനററിലും സിൻഡിക്കേററിലും വാദിക്കാനും, അദ്ധ്യാപക ട്രാൻസ്ഫർ നിയമം അട്ടിമറിക്കാനും കൂട്ടുനിന്നതാണ് ഇവരുടെ പൂർവ്വകാല ചരിത്രം. തരം കിട്ടുമ്പോഴൊക്കെ അദ്ധ്യാപക താല്പര്യത്തിനെതിരെ പ്രവർത്തിച്ച ഇവർക്ക് അദ്ധ്യാപകരുടെ വോട്ടുചോദിക്കാൻ അവകാശമുണ്ടോ?

എ കെ പി സി ടി എ - എ കെ ജി സി ടി സംഘടനകൾ സർവ്വകലാശാലാഭരണത്തിന്റെ സംശുദ്ധിക്കും ജനാധിപത്യവല്ക്കരണത്തിനുംവേണ്ടി നിലകൊള്ളുന്നു. കഴിഞ്ഞ സെനററ് തെരഞ്ഞെടുപ്പിൽ അദ്ധ്യാപകമണ്ഡലത്തിൽനിന്നും ഭൂരിപക്ഷം സ്ഥാനങ്ങളിലേക്കും വിജയിച്ചത് എ കെ പി സി ടി എ–എ കെ ജി സി ടി സ്ഥാനാർത്ഥികളാണ്. സെപ്ത: 27 ന് നടക്കുന്ന അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിലും നമ്മുടെ എല്ലാ സ്ഥാനാർത്ഥികളേയും വിജയിപ്പിക്കണമെന്ന് ഒരിക്കൽകൂടി ഞങ്ങൾ അഭ്യർത്ഥിക്കുന്നു □

# കേരള യൂണിവേഴ്സിററി
# അക്കാദമിക് കൗൺസിൽ
# തെരഞ്ഞെടുപ്പ്

## AKPCTA – AKGCT
## സ്ഥാനാർത്ഥികൾ

| | | | |
|---|---|---|---|
| 1 | ഇംഗ്ലീഷ് | : | ഡി. തോമസ്, മാർഇവാനിയോസ് കോളേജ്, തിരുവനന്തപുരം. |
| 2 | മലയാളം | : | വി. വത്സല, എസ്.എൻ. വനിതാ കോളേജ്, കൊല്ലം. |
| 3 | ഹിന്ദി | : | ഡോ. ജി. കമലാധരൻ, ഗവ:സംസ്കൃത കോളേജ്, തിരു: |
| 4 | സംസ്കൃതം | : | എൻ. കെ. ശങ്കരൻ, യൂണിവേഴ്സിററികോളേജ്, കാര്യവട്ടം. |
| 5 | ഫിസിക്സ് | : | കെ. എ. കുര്യൻ, ബിഷപ്പ്മൂർ കോളേജ്, മാവേലിക്കര. (എതിരില്ല) |
| 6 | കെമിസ്ട്രി | : | പി. ഗോപാലകൃഷ്ണപിള്ള എൻ.എസ്.എസ് കോളേജ്, പന്തളം |
| 7 | ബോട്ടണി | : | നിർമ്മലാ ജോർജ്, ടി. കെ. എം. ആർട്സ് കോളേജ്, കൊല്ലം, |
| 8 | സുവോളജി | : | ഡി. മോഹൻകുമാർ, ഗവ: വനിതാ കോളേജ്, തിരുവനന്തപുരം. |
| 9 | ഇക്കണോമിക്സ് | : | കെ. പി. പ്രസാദ്. ടി.കെ.എം.എം കോളേജ്, നങ്ങ്യാർകുളങ്ങര |
| 10 | ഹിസ്ററി | : | ഡോ. എസ്. ശിവദാസൻ, യൂണിവേഴ്സിററി കോളേജ്, തിരുവനന്തപുരം. |
| 11 | പൊളിററിക്സ് | : | ഡോ. സി. എൻ. സോമരാജൻ, യൂണിവേഴ്സിററി കോളേജ്, തിരുവനന്തപുരം. |
| 12 | കോമേഴ്സ് | : | പി. രവിചന്ദ്രൻ, എസ്. എൻ. കോളേജ്, പുനലൂർ |
| 13 | ഫിലോസഫി | : | ജി. പത്മകുമാർ, ഗവ: വനിതാ കോളേജ്, തിരുവനന്തപുരം |

| | | | |
|---|---|---|---|
| 14 | മാത്തമാററിക്സ് | : | എം. ആർ. സുരേന്ദ്രനാഥ്, വി. ടി. എം. എൻ. എസ്. എസ്. കോളേജ്, ധനുവച്ചപുരം |
| 15 | സൈക്കോളജി | : | ഡോ. കെ. എ. സെബാസ്ററ്യൻ, ഫാത്തിമാകോളേജ്, കൊല്ലം |
| 16 | ജിയോളജി | : | ജെ. രാജു, എസ്. എൻ. കോളേജ്, വർക്കല |
| 17 | ഫിസിക്കൽ എഡ്യൂക്കേഷൻ | : | കെ. കെ. വേണു, എസ്. എൻ. കോളേജ്, ചെമ്പഴന്തി |
| 18 | എഡ്യൂക്കേഷൻ | : | തോമസ് ഉഴുവത്ത് പീററ് മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, മാവേലിക്കര |
| 19 | തമിഴ് | : | ഡോ. കെ. കുററാലംപിള്ള, യൂണിവേഴ്സിററി കോളേജ്, കാര്യവട്ടം |
| 20 | മ്യൂസിക് | : | സി. കെ. ലീലാമ്മ, ഗവ: വനിതാ കോളേജ്, തിരുവനന്തപുരം |
| 21 | അറബിക് | : | എ. സീന, ഗവ: കോളേജ്, ആററിങ്ങൽ |
| 22 | ഇസ്ലാമിക് സ്ററഡീസ് | : | എ. അബ്ദുൽ റഹീം, യൂണിവേഴ്സിററി കോളേജ്, കാര്യവട്ടം |
| 23 | ഫ്രഞ്ച് | : | സെൽന ഫെർനാൻഡസ്, യൂണിവേഴ്സിററി കോളേജ്, കാര്യവട്ടം (എതിരില്ല) |
| 24 | സ്ററാററിസ്ററിക്സ് | : | എൻ. ദാമോദരൻനായർ എം. എസ്. എം. കോളേജ്, കായംകുളം |
| 25 | ഇഞ്ചിനീയറിംഗ് | : | എസ്. പരമേശ്വരൻ, ടി. കെ. എം. ഇഞ്ചിനീയറിംഗ് കോളേജ്, കൊല്ലം |

# എ. കെ. പി. സി. ടി. എ.

# വിദ്യാഭ്യാസ നയം

## കരടുരേഖ

## 1. ആമുഖം

1.00 വിദ്യാഭ്യാസവ്യവസ്ഥയുടെ മൗലിക പരിവർത്തനം പ്രതിജ്ഞാബദ്ധതയോടെ ഏറ്റെടുത്തിട്ടുള്ള പ്രസ്ഥാനമാണ് എ. കെ. പി. സി. ടി. എ,

1.01 വിദ്യാഭ്യാസക്രമത്തിന്റെ നിശിതമായ വിമർശനവും സമഗ്രമായ നവീകരണവും ഉണ്ടാകണം. അതിന് ആധാരമാക്കുന്ന ദർശനത്തിന്റേയും നയങ്ങളുടേയും സ്പഷ്ടമായ നിർവചനവും തെളിമയാർന്ന ആവിഷ്കാരവും പ്രസ്ഥാനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് അനിവാര്യമാണ്.

## 1.10 ഇന്നത്തെ വിദ്യാഭ്യാസരംഗം

ഈ കാലഘട്ടം വിദ്യാഭ്യാസക്രമത്തിന്റെ നിരവധി മാററങ്ങളാൽ മുദ്രിതമാണ്. ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നവയാണ് ഈ മാററങ്ങൾ. സാമ്പത്തിക, സാമൂഹിക മേഖലകളെയാകെ ഉടച്ചുവാർക്കുന്ന ഘടനാ പുനഃസംവിധാനവും, ഉദാരവത്കരണവും ദേശീയലക്ഷ്യങ്ങളുടെ മുൻഗണനാക്രമത്തെ, സാധാരണ ജനങ്ങളുടെ താല്പര്യങ്ങൾക്കു വിരുദ്ധമായി തകിടം മറിച്ചിരിക്കുന്നു. സ്വാഭാവികമായും, വിദ്യാഭ്യാസസംവിധാനത്തിലും ഗുരുതരമായ മാററങ്ങൾക്ക് അതിടയാക്കിയിരിക്കുന്നു.

1.20 കാലാകാലങ്ങളിൽ ദേശീയതലത്തിൽ സ്വീകരിച്ച ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിൽ ഉണ്ടായ പരാജയം അതിഭീമവും അക്ഷന്തവ്യവുമാണ്. പരാജയം, വിദ്യാഭ്യാസരംഗത്തിന്റെ വളർച്ചയുടെ കാര്യത്തിൽമാത്രമല്ല, ഗുണപരമായ മാററം കൈവരിക്കുന്നതിലും വികസനാവശ്യങ്ങൾ നിർവഹിക്കുന്നതിലും ഒരു സ്വതന്ത്ര, പരമാധികാര, മതേതര, സോഷ്യലിസ്ററു രാജ്യത്തിന്നാവശ്യമായ മൂല്യസൃഷ്ടിയിലും സാമൂഹികാവബോധരൂപീകരണത്തിലുമൊക്കെ ദൃശ്യമാണ്.

1.21 വിദ്യാഭ്യാസക്രമത്തിന്റെ ഈ വീഴ്ച ദേശീയ കമ്മീഷനുകൾ തന്നെ അംഗീകരിക്കുന്നു. സ്വാതന്ത്ര ഭാരതത്തിൽ ഏററവും ഒടുവിൽ നിയമിതമായ വിദ്യാഭ്യാസ കമ്മററികളിലൊന്നായ ആചാര്യരാമമൂർത്തി കമ്മററി ഇന്നത്തെ അവസ്ഥ വിലയിരുത്തുന്നതിപ്രകാരമാണ്. "പരാജയത്തിന്റെ അടിസ്ഥാനകാരണങ്ങളിലൊന്ന്, മൗലികമായ പരിവർത്തനത്തെക്കുറിച്ച് നമ്മൾ തുടർച്ചയായ പ്രസ്താവങ്ങൾ നടത്തിയിരുന്നുവെങ്കിലും, നമ്മുടെ വിദ്യാഭ്യാസം, ഇന്നും ബ്രിട്ടീഷ് വാഴ്ചക്കാലത്തെ അതേ ധാരണകളാലും ലക്ഷ്യങ്ങളാലും മൂല്യങ്ങളാലും ഭരിക്കപ്പെടുന്നുവെന്നതാണ്".

1.22 വിദ്യാഭ്യാസക്രമത്തിന്റെ മൗലികപരിവർത്തനലക്ഷ്യത്തെ സംബന്ധിച്ച പ്രസ്താവനകൾ തന്നെ പൊള്ളയായിരുന്നു. വിദ്യാഭ്യാസ വ്യവസ്ഥയുടെ സമഗ്രമായ പുനഃസംഘാ

നം ഭരണവർഗ്ഗം ലക്ഷ്യമായിപോലും വച്ചിരുന്നില്ലെന്നു സംശയിക്കാൻ ധാരാളം ന്യായങ്ങളുണ്ട്. ഇൻഡ്യയെയാകെ കണ്ടും ഭൗതികവും സാമൂഹികവുമായ പ്രശ്നങ്ങളുടെ ആഴങ്ങളിലേക്കിറങ്ങിയും ഇൻഡ്യയുടെ സാംസ്കാരിക നവോത്ഥാനം മുമ്പിൽ വച്ചുമുള്ള വിദ്യാഭ്യാസപരിഷ്ക്കാരം ഭരണകൂടം വിഭാവനം ചെയ്തില്ലെന്നുള്ളതാണ് വസ്തുത. എങ്കിലും ദേശീയതലത്തിൽ സ്വീകരിച്ച പൊതു സ്കൂൾ വ്യവസ്ഥ, സമ്പൂർണ്ണസാക്ഷരത, നിർബന്ധിതവും സൗജന്യവും സാർവ്വത്രികവുമായ പ്രൈമറി വിദ്യാഭ്യാസം, സാമൂഹികവികസനത്തോട് ഇണപിരിയാത്ത ഉന്നതവിദ്യാഭ്യാസം തുടങ്ങിയ ലക്ഷ്യങ്ങളെങ്കിലും നേടിയെടുത്തിരുന്നെങ്കിൽ വിദ്യാഭ്യാസരംഗം കുറെ മെച്ചപ്പെടുമായിരുന്നു. പക്ഷേ അതു സംഭവിച്ചില്ല. കാര്യക്ഷമതാരാഹിത്യത്തിന്റെ മാത്രം പ്രശ്നമല്ലിത്. കാര്യക്ഷമതമാത്രം വർദ്ധിപ്പിച്ച് വിദ്യാഭ്യാസപ്രതിസന്ധി പരിഹരിക്കാനാകുമെന്ന സങ്കുചിത സമീപനമാണ് ഇന്നെവിടെയും പ്രബലം. അത് പ്രശ്നപരിഹാരത്തിന് അപര്യാപ്തമാണ്.

1.30 കോളനിവാഴ്ചക്കാലത്തെ വിദ്യാഭ്യാസവ്യവസ്ഥയുടെ കുഴപ്പങ്ങൾ ഇവയാണ്.

(i) എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശം നിയമപരമായി അംഗീകരിക്കപ്പെട്ടു. പക്ഷെ എല്ലാവർക്കും വിദ്യാഭ്യാസം നല്കുന്നതിനുള്ള ബാദ്ധ്യതഭരണകൂടം ഏറ്റെടുത്തില്ല ഫലമോ വിദ്യാഭ്യാസം കുറച്ചുപേരുടെ പ്രത്യേക അവകാശമായി നിലനിന്നു. (ii) ബ്രിട്ടീഷുകാർക്ക് ഇൻഡ്യ ഒരു കോളനി മാത്രമായിരുന്നു. അതിനാൽ, ഒരു കോളനിയുടെ ധർമ്മം നിർവഹിക്കാൻ ആവശ്യമായത്രയും മാത്രം വിദ്യാഭ്യാസം നല്കുന്നതിലൊതുങ്ങി ബ്രിട്ടിഷ് സാമ്രാജ്യവാഴ്ചയുടെ വിദ്യാഭ്യാസലക്ഷ്യം. ഒരു കോളനിക്ക് ഉത്പാദനപ്രക്രിയയിലുള്ള പരിമിതപങ്കിന്റെ മാത്രം പ്രശ്നമല്ലിത്. അവർ നിർമ്മിച്ച ഉപഭോഗവസ്തുക്കൾക്ക് നിർബന്ധപൂർവ്വം ഇവിടെ കമ്പോളമൊരുക്കിയതുപോലെ, ബ്രിട്ടീഷുകാർ പാശ്ചാത്യ അറിവിന്റേയും ചിന്താരീതികളുടെയും മൂല്യങ്ങളുടെയും വിമർശനരഹിതമായ ഉപഭോഗത്തിന് വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെ കമ്പോളമൊരുക്കി. അറിവിന്റെ ഏകപക്ഷീയമായ കൈമാറ്റപ്രക്രിയയെ അവർ വിദ്യാഭ്യാസമെന്ന് നിർവചിച്ചു. വിമർശനരാഹിത്യം ഈ വിദ്യാഭ്യാസപ്രക്രിയയുടെ അവശ്യസ്വഭാവമായിരുന്നു. വിദ്യാഭ്യാസം സർഗ്ഗാത്മകമോ, സൃഷ്ട്യുന്മുഖമോ ആയിരുന്നില്ല. പ്രതിഷേധരഹിതമായ ബോധരൂപീകരണവും ക്രിയാത്മകതയുടെ മുരടിപ്പിക്കലും ഈ വിദ്യാഭ്യാസപദ്ധതിയുടെ സ്വാഭാവിക സൃഷ്ടികളായിരുന്നു. (iii) വൈവിധ്യമാർന്ന ഭാരതീയ സംസ്കാരത്തിന്റെ സമ്പന്നത അംഗീകരിക്കാതിരിക്കുകയും പാശ്ചാത്യമായ മൂല്യബോധത്തിലേക്കും സാംസ്കാരിക ശൈലികളിലേക്കും മനുഷ്യരെ മെരുക്കിയെടുക്കുകയും ചെയ്യുകയെന്നത് ഈ വിദ്യാഭ്യാസക്രമത്തിന്റെ ലക്ഷ്യങ്ങളായിരുന്നു. ഈ നാടിന്റെ സാംസ്കാരിക സ്രോതസ്സുകളിൽ നിന്നുള്ള അന്യവത്ക്കരണവും പാശ്ചാത്യമായതെന്തിനോടുമുള്ള അഭിനിവേശവുമായിരുന്നു ഫലം. ഭാരതീയഭാഷകൾ പുഷ്ടിപ്പെടുത്താതെ, ഇംഗ്ലീഷ് ഭാഷയ്ക്കു പ്രാമുഖ്യം നല്കിയാണ് സാംസ്കാരികമയേ കോളനിവാഴ്ച ആധിപത്യമുറപ്പിച്ചത്. വികസനത്തിന്റെയും പുരോഗതിയുടേയും പാശ്ചാത്യമാതൃകകൾ ഈ വിദ്യാഭ്യാസരീതിയുടെഅന്തർധാരയായിരുന്നു. അക്കാര്യം വിദ്യാഭ്യാസനയരൂപീകരണപ്രക്രിയയിൽ ഇന്നത്തെ ഭരണകൂടം സൗകര്യപൂർവ്വം അവഗണിക്കുകയും ചെയ്തു (iv) സ്വതന്ത്രവും സ്വാശ്രയത്വത്തോടുകൂടിയതുമായ ഒരു ഇന്ത്യയ്ക്ക് വേണ്ട സാമ്പത്തിക സാമൂഹിക വളർച്ച കൈവരിക്കുക; അത്തരമൊരു വികസനത്തിനാവശ്യമായ അടിസ്ഥാനസാങ്കേതിക വൈദഗ്ധ്യം ഒരുക്കുക തുടങ്ങിയവയൊന്നും ഒരു കൊളോണിയൽവിദ്യാഭ്യാസസമ്പ്രദായത്തിന്റെ ലക്ഷ്യങ്ങളാവുക വയ്യല്ലോ. അതുകൊണ്ടുതന്നെ സന്തുലിതമായ ദേശീയവികസനത്തോട് ഒരു വിധത്തിലും ബന്ധിപ്പിക്കപ്പെടാത്ത ഒരു വിദ്യാഭ്യാസക്രമമാണ് ഇവിടെ സൃഷ്ടിക്കപ്പെട്ടത്. ഉത്പാദനപ്രക്രിയയുടെ പൂർണ്ണവളർച്ച അവർ ആഗ്രഹിച്ചില്ല; വിദ്യാഭ്യാസത്തെ ഉത്പാദനപ്രക്രിയയുമായി ബന്ധിപ്പിക്കാൻ തയ്യാറായതുമില്ല.

1.31 കൊളോണിയൽ വിദ്യാഭ്യാസത്തിന്റെ ഈ അടിസ്ഥാന അപാകതകൾ ഇന്നുംശക്തമായി തുടരുന്നുവെന്നാണ് ആചാര്യരാമമൂർത്തി കമ്മിറ്റിയുടെവിലയിരുത്തൽ

## ജോൺസേവ്യറിന് യാത്ര അയപ്പ്



കളമശേരി സെൻറ് പോൾസ് കോളേജിൽ നിന്നും വിരമിച്ച ഫിസിക്കൽ എഡ്യുക്കേഷൻ മേധാവി പ്രൊഫ. ജോൺസേവ്യറിന് എകെപിസിടിഎ ബ്രാഞ്ച് ഹൃദ്യമായ യാത്ര അയപ്പു നല്കി.

ജോയി ജോബ് കുളവേലി, സി. എ. പീതാംബരൻ, ഡോ. കെ. പി. ജോസഫ്, എം. എസ്. ഗീത, വി. സി. ആൻറണി എന്നിവർ ജോൺ സേവ്യറിന് ആശംസകൾ നേർന്നു. ബ്രാഞ്ചിൻെറ വകയായ ഉപഹാരം ജോയിജോബ് കുളവേലിനല്കി. ജോർജ്ജോൺ സ്വാഗതവും എം. എസ്. വിശ്വനാഥൻ കൃതജ്ഞതയും പറഞ്ഞു.

ഇംഗ്ലീഷ് വിദ്യാഭ്യാസം ഈ നാടിന്നൊരു നന്മയും ചെയ്തിട്ടില്ലെന്നല്ല വിവക്ഷ. സാർവ്വത്രിക വിദ്യാഭ്യാസമെന്നതത്വം അംഗീകരിച്ചതും ലിബറൽ മൂല്യങ്ങൾ പ്രചരിപ്പിച്ചതും, ആധുനികശാസ്ത്ര - സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തിയതും വിശാലമായ സാംസ്കാരിക വിനിമയം സാധ്യമാക്കിയതുമൊക്കെ അതിൻെറ ഗണനീയമായ സംഭാവനകൾ ആണ്. പക്ഷെ ബ്രിട്ടീഷ് ആധിപത്യം ഇവിടെ സ്ഥാപിച്ച വിദ്യാഭ്യാസ വ്യവസ്ഥയുടെ നാല് അടിസ്ഥാനപ്രശ്നങ്ങൾ ഇന്നും തുടരുന്നു. അതിനാൽ വിദ്യാഭ്യാസക്രമത്തിൻെറ സമ്പൂർണ്ണമായ മാററമാണ്, ഇന്ന്, ഇൻഡ്യ ലക്ഷ്യം വയ്ക്കേണ്ടത്.


1.40 പക്ഷേ, 1986 ലെ ദേശീയ വിദ്യാഭ്യാസനയം, സൂക്ഷ്മമായ വിശകലനത്തിൽ, ഈ ലക്ഷ്യത്തിൻെറ തിരസ്കാരമാണ്- ആധുനീകരണത്തിൻെറ മറവിൽ, ഒരു നവ കൊളോണിയൽ വ്യവസ്ഥയാണ് അത് വിഭാവനം ചെയ്യുന്നത്. ആ വ്യവസ്ഥയ്ക്കിണങ്ങുന്ന മൂല്യബോധവും യുക്തിചിന്തയും മനുഷ്യവിഭവങ്ങളും ഒരുക്കാൻ വിദ്യാഭ്യാസപ്രക്രിയയെ പുനർനിർവചിക്കുകയും, വിദ്യാഭ്യാസ സംവിധാനത്തെ പരുവപ്പെടുത്തുകയുമാണ് ദേശീയവിദ്യാഭ്യാസ നയത്തിൻെറ ഉദ്ദേശ്യം.

1.41 അപ്പോൾ, നിലവിലുള്ള വിദ്യാഭ്യാസ ചിന്തയുടേയും ഘടനകളുടേയും സമഗ്രവും മൗലികവുമായ പരിവർത്തനത്തിൽ കുറഞ്ഞ ഒന്നും ഒരു 'സ്വതന്ത്ര, പരമാധികാര, മതേതര, സോഷ്യലിസ്ററു' രാഷ്ട്രമായ ഇൻഡ്യയ്ക്ക് ലക്ഷ്യമായി വയ്ക്കാൻ ആവില്ല.

## 2. വിദ്യാഭ്യാസ ദർശനം : മുഖ്യ അംശങ്ങൾ

2.00 ഓരോ വിദ്യാഭ്യാസ ദർശനത്തിനും ആധാരമായി വർത്തിക്കുന്ന ഒരു മനുഷ്യദർശനം ഉണ്ട്. 'മനുഷ്യൻ സ്വതന്ത്രനാണ്, സ്വന്തം ഭാഗധേയം നിർണ്ണയിക്കാൻ അവകാശവും പ്രാപ്തിയുമുള്ളവൻ- ഈ ലോകത്തിൽ പ്രവർത്തിക്കുകയും ലോകത്തെ പരിവർത്തിപ്പിക്കുകയും ചെയ്യുകയാണ് അവൻെറ സത്താപരമായ നിയോഗം. ആ കർമ്മനിബദ്ധതയിലാണ് മനുഷ്യൻ, വ്യക്തിയായും സമൂഹമായും, നിറവും ധന്യതയുമാർന്ന ജീവിതത്തിൻെറ നിരന്തരമായ പുതിയ സാധ്യതകളിലേക്കു മുന്നേറുന്നത്.[1]

## പ്രൊഫ. ഹരികുമാരൻ നായർ വിരമിച്ചു.



തിരുവനന്തപുരം മഹാത്മാ ഗാന്ധി കോളേജ് പ്രിൻസിപ്പൽ പ്രൊഫ. പി. ഹരികുമാരൻനായർ സർവ്വീസിൽ നിന്നും വിരമിച്ചു. എ കെ പി സി ടി എ യിലെസജീവാംഗമായിരുന്നു അദ്ദേഹം.

2.10 ഈ ലോകത്തെ പരിവർത്തിപ്പിച്ചുകൊണ്ടുമാത്രമേ, വ്യക്തികളായും കൂട്ടമായും പൂർണ്ണതയുടെയും ധന്യതയുടേയുമായ വിശാലസാധ്യതകളിലേക്കു പുരോഗമിക്കാനാവുകയുള്ളുവെന്ന ദർശനം ഇന്നത്തെ വിദ്യാഭ്യാസ പ്രക്രിയയെ അട്ടിമറിക്കാനും പുനഃസൃഷ്ടിക്കാനും പര്യാപ്തമാണ്.

2 20 മനുഷ്യരെല്ലാവരും സ്വതന്ത്രർ ആണ്, ആകണം. പക്ഷെ, ഇന്ന് ചില വിഭാഗങ്ങൾ മററു വിഭാഗങ്ങളുടെമേൽ അധീശത്വം പുലർത്തുകയും അവരെ കേവലം വിധേയരും ഉപഭോക്താക്കളുമാക്കി മാററുകയും ചെയ്തിരിക്കുന്നു ഈ സാഹചര്യത്തിൽ മനുഷ്യരെ സ്വാതന്ത്ര്യത്തിനു പ്രാപ്തരാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പരമപ്രധാന കർത്തവ്യം. 'സമ്പൂർണ്ണ' സ്വാതന്ത്ര്യത്തിന് മനുഷ്യരെ പ്രാപ്തരാക്കുന്ന സമഗ്രസാംസ്കാരിക പ്രക്രിയയാണ് വിദ്യാഭ്യാസം.'

2.21 അതുകൊണ്ട് വിദ്യാഭ്യാസം അവശ്യം ഒരു 'അധികാരമാർജിക്കൽ പ്രക്രിയ'യാണ്.[2] ആ അർത്ഥത്തിൽ രാഷ്ട്രീയ പ്രക്രിയയുമാണ്. ഒരു വിദ്യാഭ്യാസവും, അപ്പോൾ, നിഷ്പക്ഷമല്ല. ഒന്നുകിൽ മനുഷ്യനെ അതു വിമോചിപ്പിക്കും. അല്ലെങ്കിൽ അധീശത്വശക്തികളുടെ സാംസ്കാരികതയിലേക്കു 'മെരുക്കി'യെടുക്കും. ഔപചാരിക വിദ്യാഭ്യാസം നടത്തുന്ന ഈ 'മെരുക്കിയെടുക്കൽ വെളിപ്പെടുത്താതിരിക്കുകയെന്ന ഗൂഢോദ്ദേശമാണ് വിദ്യാഭ്യാസം ഒരു രാഷ്ട്രീയ പ്രക്രിയയാണെന്ന വ്യാഖ്യാനത്തിന്റെ പുറകിലുള്ളത്.

2 30 വിദ്യാഭ്യാസം തദ്ദേശീയവും നിർവ്യാജവുമായ സാംസ്കാരിക പൈതൃകത്തിൽ വേരുറപ്പിച്ചതാകണം. തനതായ സാംസ്കാരിക പൈതൃകത്തിൽ കാലുറപ്പിക്കാത്ത ഒരു പ്രക്രിയ യഥാർത്ഥ വിദ്യാഭ്യാസമാകില്ല. അതേസമയം വിമർശനാത്മകത കൈമോശംവരാതെ സൂക്ഷിക്കുകയും വേണം. സാംസ്കാരിക പൈതൃകത്തിന്റെ ജീർണ്ണവും പുരോഗമനാത്മകവുമായ അംശങ്ങൾ വേർതിരിച്ചറിയുകയും സ്വീകാര്യമായവ സംരക്ഷിച്ചു ശക്തീകരിക്കുകയും വേണം. ആർജ്ജിത വിജ്ഞാനത്തിന്റെ വിമർശനവും സംസ്കരണവും സംരക്ഷണവും കൂടെയാണ് വിദ്യാഭ്യാസം.

2.40 സമൂഹത്തിന്റെ വികസന സേവനപരമായ ആവശ്യങ്ങൾ സമർത്ഥമായി നിറവേററാൻ പര്യാപ്തമാകണം വിദ്യാഭ്യാസപ്രക്രിയ. ഉത്പാദനപ്രക്രിയയുമായി ബന്ധിപ്പിച്ചുവേണം വിദ്യാഭ്യാസവികസനത്തിന്റെ ആസൂത്രണം. അതുകൊണ്ട് മനുഷ്യജീവിതത്തിന്നർത്ഥം നല്കുന്ന, സമൂഹത്തെ നിലനിർത്താനും പുരോഗമിപ്പിക്കാനും ധന്യമാക്കാനും ആവശ്യമായ തൊഴിൽ പരിശീലനത്തിന് വിദ്യാഭ്യാസപ്രക്രിയയിൽ സവിശേഷസ്ഥാനമുണ്ട്. പക്ഷെ, സമൂഹനിലനില്പിന്റെ മാനദണ്ഡത്തിൽ നീതീകരിക്കാൻ കഴിയുന്നതാകണം ഈ തൊഴിൽ പരിശീലനം.

## പ്രൊഫ. വി. എം. മാത്യുവിന് ഡോക്ടറേറ്റ്



കുറവിലങ്ങാട് ദേവമാതാ കോളേജ് അദ്ധ്യാപകൻ പ്രൊഫ. വി. എം. മാത്യുവിന് മലയാളത്തിൽ ഡോക്ടറേറ്റ് ലഭിച്ചു. എ.കെ.പി.സി.ടി.എ യുടെ സജീവ പ്രവർത്തകനാണ് പ്രൊഫ. മാത്യു.

2 41 വിദ്യാഭ്യാസം, സമഗ്രമായ ദർശനത്തിൽ, കേവലം തൊഴിൽ പരിശീലനമല്ല. അറിവിന്റെ ഉപഭോക്താക്കളെ സൃഷ്ടിക്കുന്ന പ്രക്രിയയുമല്ല. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാകണമെന്ന നിലപാടിനെതിരല്ല ഈ ദർശനം. തൊഴിൽപരിശീലനത്തോടൊപ്പം മററു ചില മൗലിക ധർമ്മങ്ങളും വിദ്യാഭ്യാസത്തിനു നിർവഹിക്കാനുണ്ടെന്ന് വിവക്ഷ. വിദ്യാഭ്യാസത്തെ വെറും തൊഴിൽ പരിശീലനമായും വിദ്യാർത്ഥികളെ അറിവിന്റെ സംഭരണികൾ മാത്രമായും വ്യാഖ്യാനിക്കാൻ നടക്കുന്ന വ്യാപകശ്രമത്തിന്നിടയിൽ ഈ തിരിച്ചറിവ് പ്രാധാന്യമർഹിക്കുന്നു.

2.50 മൗലികമായൊരു വിദ്യാഭ്യാസദർശനത്തിൽ അദ്ധ്യാപകർ ആരാണെന്ന ബോധം നിർണ്ണായകമാണ്. ഒരു ഉപഭോക്തൃ വ്യവസ്ഥയിലെ അറിവിന്റെ 'എടുത്തുകൊടുപ്പുകാർ' അല്ല അവർ; തൊഴിലിന്റെ പരിശീലകരോ, വ്യവസ്ഥിതി കഷ്ടിച്ച് നിലനിർത്താനാവശ്യമായ ബോധത്തിന്റെ സൃഷ്ടികർത്താക്കൾ പോലുമോ അല്ല അവർ സ്വതന്ത്രവും നീതി പൂർവ്വകവും നിലനില്ക്കാൻ യോഗ്യവുമായ ഒരു സാമൂഹിക, പ്രപഞ്ചവ്യവസ്ഥിതിക്കുവേണ്ടി അവരോടൊത്തു പ്രവർത്തിക്കാൻ ഓരോ തലമുറയേയും തയ്യാറാക്കുന്നവരാണ് അദ്ധ്യാപകർ. മൂല്യപരമായി പരിവർത്തിപ്പിക്കുന്നവർ; സർഗ്ഗപരമായി ശക്തീകരിക്കുന്ന സാംസ്കാരിക പ്രവർത്തകർ, ഭരണവർഗ്ഗത്തിന്റെ അധീശത്വയുക്തി സർവ്വവൈജ്ഞാനിക, ധൈഷണിക മേഖലകളെയും ആവാഹിച്ചിരിക്കുന്ന ഇന്ന് പാഠനിഷേധവും പഠനവും തുല്യപ്രാധാന്യമർഹിക്കുന്നു. പഠനമാകട്ടെ വാക്കും പ്രവൃത്തിയും ചേർന്ന സമഗ്രതയുമാണ്. അങ്ങനെ വരുമ്പോൾ, അധ്യാപനം, ഒരേ സമയം ഉദാത്തമായൊരർത്ഥത്തിൽ, സംഹാരാത്മകവും സൃഷ്ടിപരവുമാണ്. എല്ലാ അർത്ഥനിറവോടും കൂടെ ഈ ചരിത്രണ്യാദ്ധ്യത ഏറ്റെടുക്കുന്നവരാണ് അദ്ധ്യാപകർ.

2.60 സാമൂഹികവ്യവസ്ഥിതിയോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതാണ് ഔപചാരിക വിദ്യാഭ്യാസക്രമം. അതുകൊണ്ട് ഒരു വിദ്യാഭ്യാസക്രമത്തിന് ഇന്നുള്ള സാധ്യതപരിമിതമാണെന്നു വരാം. എങ്കിലും വിദ്യാഭ്യാസത്തിന്റെ വൈരുദ്ധ്യാത്മകതയിൽ നിന്നും ഉദ്ഭൂതമാകുന്ന സാധ്യതകൾ അവഗണിക്കപ്പെട്ടുകൂടാ. ആ സാധ്യതകളുടെ അന്വേഷണം ഇന്നു നടക്കണം. നിലവിലുള്ള സാഹചര്യത്തിൽ നിന്നുകൊണ്ടുതന്നെ വിദ്യാഭ്യാസവ്യവസ്ഥയുടെ സമൂലമായ മാററത്തിന് വേണ്ടി പ്രവർത്തിക്കുകയാണ് ആവശ്യം.

## 3. കേരളത്തിലെ വിദ്യാഭ്യാസരംഗം

3.00 ജനകീയ പങ്കാളിത്തത്തിലൂടെ ഏറെക്കുറെ സമ്പൂർണ്ണസാക്ഷരതകൈവരിക്കാൻ കഴിഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. ഇൻഡ്യയിലെ ആകെ സാക്ഷരതയാകട്ടെ 52.11

ശതമാനം മാത്രവും. ഈ വ്യത്യാസം കേരളത്തിലെ പൊതു വിദ്യാഭ്യാസത്തിന്റെ സ്ഥിതി മനസിലാക്കാനുള്ള ഒരു നല്ല സൂചികയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസം ഇവിടെ പ്രചരിപ്പിക്കുന്നതിന് മിഷ്യനറിമാരും സ്വകാര്യ ഏജൻസികളും സർക്കാരും അവരവരുടേതായ നിർബന്ധങ്ങളാൽ, കാണിച്ച താല്പര്യവും വിദ്യാഭ്യാസ അഭിനിവേശം ജനങ്ങളിലുണ്ടാക്കുന്നതിന് പുരോഗമന സാമൂഹിക, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നടത്തിയ പ്രയത്നവും ആണ് കേരളത്തിന്റെ അഭിമാനാർഹമായ ഈ നേട്ടത്തിനുകാരണം.

3.10 എന്നാൽ വിദ്യാഭ്യാസത്തിന്റെ മററു മേഖലകളിൽ ഇന്ന്, കേരളം ഒരു പ്രതിസന്ധിയെ നേരിടുകയാണ്. നിലവാരത്തകർച്ച തൊഴിലിനുപ്രയോജനപ്പെടാത്ത പാഠ്യപദ്ധതി, വർദ്ധിച്ചുവരുന്ന അഴിമതി, പരീക്ഷകളുടെ വിശ്വാസ്യതാ നഷ്ടം, കമ്പോളവത്കരണം തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തിന്റെ വിദ്യാഭ്യാസമണ്ഡലത്തെയാകെ കലുഷിതമാക്കിയിരിക്കുകയാണ്. ഈ ഓരോ പ്രശ്നത്തെക്കുറിച്ചും വിശദചർച്ച ആവശ്യമുണ്ട്; ഈ രേഖയിൽ നിവൃത്തിയില്ലെങ്കിലും. പക്ഷെ, ഓരോ പ്രശ്നത്തിന്റെയും സൂക്ഷ്മമായ വിശകലനം പരിഹാരം കണ്ടുപിടിക്കാൻ കൂടിയേതീരൂ. ഒരു ഉദാഹരണം എടുക്കുക; അത് നിലവാരത്തകർച്ചയുടേതു തന്നെയാകട്ടെ, ചില അഖിലേന്ത്യാമത്സരങ്ങളിൽ കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വേണ്ടത്ര വിജയിക്കാനാകുന്നില്ലെന്നാണ് നിലവാരത്തകർച്ചയ്ക്കു തെളിവായി ചിലർ ചൂണ്ടിക്കാട്ടുന്നത്. മററു ചിലർക്ക്: ചില അഖിലേന്ത്യാ സിലബസ്സുകൾ ഇവിടെ അതേപടി പകർത്തുന്നില്ലെന്നാണ് ആക്ഷേപം. ഇംഗ്ലീഷ് സമർത്ഥമായി കൈകാര്യം ചെയ്യുന്നതിൽ കേരളീയ വിദ്യാർത്ഥികളുടെ കഴിവില്ലയ്മയാണ് മറെറാരു കൂട്ടർക്കു പ്രശ്നം. ഇതൊക്കെയാണോ നിലവാരത്തകർച്ചയുണ്ടെന്ന നിഗമനത്തിന് ആധാരമാക്കേണ്ടത്? നിലവാരത്തകർച്ച ഇല്ലെന്നല്ല വിവക്ഷ. പക്ഷെ, എന്തിനെയാണ് നിലവാരതകർച്ചയെന്നു വിശേഷിപ്പിക്കേണ്ടതെന്നുള്ളതാണ് കാതലായ കാര്യം. ആ ധാരണയായിരിക്കും പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങളുടെ സ്വഭാവംതന്നെ നിർണ്ണയിക്കുക. ഇതു പാഠ്യപദ്ധതികളുടെ പുനഃസംവിധാനം, പരീക്ഷാപരിഷ്ക്കരണം, സാമ്പത്തിക ഞെരുക്കം തുടങ്ങിയ പ്രശ്നങ്ങൾക്കും ബാധകമാണ്. പ്രതിസന്ധിക്കുറവിടമായ പ്രശ്നങ്ങളെ സാധാരണ ജനങ്ങളുടെ പക്ഷം ചേർന്നും, അക്കാദമിക താല്പര്യം മുൻനിർത്തിയും സൂക്ഷ്മമായ ഒരു വിശകലനത്തിന് തയ്യാറാവുകയാണ് പ്രാഥമികമായി ചെയ്യേണ്ട കാര്യം. ഓരോ പ്രശ്നത്തിന്റെയും വിശദമായ അപഗ്രഥനം ഇവിടെ സാദ്ധ്യമല്ല. പൊതുവായ ചില നയസമീപനങ്ങളെ അവതരിപ്പിക്കാനാവു. അത് സ്കൂൾ തലത്തെ സംബന്ധിച്ച്, വളരെ സാമാന്യമായ ചില പ്രസ്താവനകളിലൊതുക്കുകയാണ്. സർവ്വകലാശാലാതലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അല്പം കൂടെ വിശദമായി പ്രതിപാദിക്കാം.

## 4. സ്കൂൾ വിദ്യാഭ്യാസം

4.00 കേരളത്തിലിന്ന് 12,000ത്തിലധികം സ്കൂളുകളും 2 ലക്ഷം അദ്ധ്യാപകരും, 62 ലക്ഷം വിദ്യാർത്ഥികളും ഉണ്ട്. ശരാശരി 3 കിലോമീററിനുള്ളിൽ ഒരു സ്കൂൾ ലഭ്യമാണ്. സ്കൂൾ പ്രായമായ ഏറെക്കുറെ 100ശതമാനം കുട്ടികളും സ്കൂളുകളിൽ ചേരുന്നു. 10-ാം ക്ളാസുവരെ ഇവരിൽ ഭൂരിപക്ഷവും പഠനം തുടരുന്നു. എസ്. എസ്. എൽ. സി പരീക്ഷയിൽ പകുതിയോളം പേർ ജയിക്കുന്നില്ലെങ്കിൽ പോലും. ഈ കണക്കുകളെല്ലാം അഭിമാനാർഹമാണ്. പ്രത്യേകിച്ചു ഇന്ത്യയിലെ മററുസംസ്ഥാനങ്ങളുടെ സ്ഥിതിയുമായി താരതമ്യപ്പെടുത്തുമ്പോൾ. എന്നാൽ വിദ്യാഭ്യാസപ്രക്രിയയ്ക്കു നല്കിയ നിർവചനവും ലക്ഷ്യങ്ങളും മാനദണ്ഡമാക്കുമ്പോൾ കേരളത്തിലെ സ്കൂൾവിദ്യാഭ്യാസത്തിൽ മൗലികമായ മാററങ്ങൾ ഉണ്ടാകണമെന്നു വ്യക്തമാകും

4.10 സ്കൂൾ വിദ്യാഭ്യാസതലത്തെശാസ്ത്രീയമായി പുനർവിഭജിക്കുകയും ഓരോ തലത്തിന്റെയും ഉദ്ദേശ്യങ്ങൾ വ്യക്തമായ നിർവചിക്കുകയും വേണം. പ്രീ-പ്രൈമറ സെക്കണ്ടറി, ഹയർ സെക്കണ്ടറി ഈ ഘട്ടങ്ങളുടെയെല്ലാം ഉദ്ദേശ്യങ്ങൾ കുറെയൊക്കെ വ്യത്യസ്തമാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഉദാ: പ്രീ-പ്രൈമറിതലത്തിന്റെ കാര്യമെടുക്കുക. ഈ തലത്തിൽ വിദ്യാർത്ഥികളിൽ ഖണ്ഡം ഖണ്ഡമായ അറിവുകളുടെ നിക്ഷേപം നടത്തുവാനുള്ള വെപ്രാളമല്ല ആവശ്യം. പ്രകൃതിയെയും സമൂഹത്തെയും അവനവനെത്തന്നെയും കണ്ണും, കാതും, മനസും

തുറന്ന് ഉദ്വേഗത്തോടെ, ആർദ്രതയോടെ നിരീക്ഷിക്കാനുള്ള താല്പര്യം ഉണ്ടാക്കുകയെന്നതാണ് പ്രധാനം. മത്സരത്തിന്റെ പ്രയോജനമല്ല, പാരസ്പര്യത്തിന്റെ മൂല്യം ബോധ്യപ്പെടുത്തുകയാണ് വേണ്ടത്. അറിയുകയെന്നത് ആഹ്ളാദകരമായ അനുഭവമായിത്തീരണം. അതൊരു കായിക, മാനസിക പീഡനമാകാൻ പാടില്ല. ചോദ്യങ്ങൾ ഉന്നയിക്കാനുള്ള ധീരത കൈവരിക്കാനിടയാകണം. പക്ഷെ ഇന്ന് ഉയർന്ന ക്ളാസുകളുടെ സമ്പ്രദായം എല്ലാവിധത്തിലും പ്രീ-പ്രൈമറി ക്ളാസുകളിലും അനുകരിക്കപ്പെടുന്നു. ബോധനരീതികളിലും സമീപനങ്ങളിലും കാര്യമായ മാററം ദൃശ്യമല്ല. ഇതിനാണൊരന്ത്യമുണ്ടാവേണ്ടത്. ഓരോതലത്തിന്റെയും സവിശേഷ ലക്ഷ്യങ്ങൾക്കനുരൂപമായ ഭൗതിക അന്തരീക്ഷം, പാഠ്യക്രമം, ബോധനരീതി, , അദ്ധ്യാപക മാനേജ്മെൻറ് സമീപനം സൃഷ്ടിക്കപ്പെടണം.

4.11 വിദ്യാഭ്യാസഘട്ടങ്ങളെക്കുറിച്ച് ശ്രേണീപരമായ ഒരു ധാരണയല്ല ആവശ്യം. ഒരു ഘട്ടം മററൊരു ഘട്ടത്തിലേക്കു നയിക്കുകയാണ് സ്വാഭാവികതയെന്നും സ്കൂൾ വിദ്യാഭ്യാസം കോളേജുവിദ്യാഭ്യാസത്തിനുവേണ്ട തയ്യാറെടുപ്പ് മാത്രമാണെന്നുമുള്ള ചിന്തയിൽ മാററംവരണം. പത്താം ക്ളാസുകഴിഞ്ഞ് വഴിതിരിയാനുള്ള സാദ്ധ്യത സൃഷ്ടിക്കുന്നതാകണം സെക്കണ്ടറി വിദ്യാഭ്യാസം. ഹയർ സെക്കണ്ടറി കോഴ്സ് ആകട്ടെ, നിർബന്ധമായും, ടെർമിനൽ' സ്വഭാവമുള്ളതായിരിക്കണം.

4.20 സ്കൂളുകൾ ആരംഭിക്കാനതിനു കൂടുതൽ ശാസ്ത്രീയവുംജനാധിപത്യപരവും നീതിപൂർവ്വകവുമായ ഒരു നയം ഉണ്ടാകണം. പ്രാദേശികവും, സാമൂഹിക വിഭാഗപരവുമായ സന്തുലിതാവസ്ഥ പാലിക്കണം. ഇത്തരമൊരു നയത്തിന്റെ പശ്ചാത്തലത്തിൽ കമ്പോള മദ്ധ്യവർഗ്ഗതാല്പര്യങ്ങളെ തൃപ്തിപ്പെടുത്താൻ അംഗീകൃത വിദ്യാലയങ്ങൾ അനുവദിക്കുന്നത് അവസാനിപ്പിക്കണം.

4.30 കേരളത്തിലെ സ്കൂളുകളെല്ലാം—അംഗീകൃത, സ്വകാര്യ സർക്കാർ സ്കൂളുകളെല്ലാം—സാമൂഹിക നിയന്ത്രണത്തിൽ കൊണ്ടുവരണം. അവയുടെ ഉടമസ്ഥതയുടെ കൈമാററമല്ല വിവക്ഷ. എല്ലാ സ്കൂളുകളിലും നിയമാധിഷ്ഠിതമായ രക്ഷാകർത്തൃ-അദ്ധ്യാപക അനദ്ധ്യാപകസമിതികളുണ്ടാകണം. സ്കൂളുകളുടെ പ്രവർത്തനങ്ങൾ ജനാധിപത്യ തത്വങ്ങൾക്ക് വിധേയമായി നടത്തപ്പെടണം. തിരഞ്ഞെടുക്കപ്പെടുന്നസമിതികൾക്ക് സ്കൂളുകളെ വിമർശിക്കാനും,നിർദ്ദേശങ്ങൾ നല്കാനും കഴിയണം. രക്ഷാകർത്തൃ—അദ്ധ്യാപക സമിതികളാകണം. നിയമപരമായ ഈ ഉപദേശസമിതികളെ തിരഞ്ഞെടുക്കുന്നത്, ഈ സമിതികളിൽ വിദ്യാഭ്യാസ വിദഗ്ധൻമാരെയും ഉൾപ്പെടുത്തണം. ചരിത്രപരമായ കാരണങ്ങളാൽ കേരളത്തിലെ സ്കൂളുകളിൽ ബഹുഭൂരിപക്ഷവും മത, ജാതി സംഘടനകളുടെയും സ്വകാര്യ ഏജൻസികളുടെയുമാണ്. ഇപ്പോഴുള്ള മാനേജ്മെൻറ് സമ്പ്രദായത്തിന്റെ ജനാധിപത്യവല്ക്കരണം അതിനാൽ ഉടനെ ഉണ്ടാകണം.

4 40 മൂന്നുവർഷത്തിലൊരിക്കൽ എല്ലാ സ്കൂളുകളും രക്ഷാകർത്തൃ—അദ്ധ്യാപക അനദ്ധ്യാപക സംഘടന തിരഞ്ഞെടുക്കുന്ന ഒരു സമിതിയുടെ അക്കാദമികവും, സാമൂഹികവുമായ വിലയിരുത്തലിനു വിധേയമാക്കണം. ഈ വിലയിരുത്തൽ പരസ്യപ്പെടുത്തണം. സമിതിയുടെ നിർദ്ദേശങ്ങൾ വ്യാപകമായ ചർച്ചയ്ക്കു വിധേയമാക്കുകയും നടപ്പാക്കുകയും വേണം.

4.50 സ്കൂളുകളിൽ ഇന്നു നിലവിലുള്ള പഠനസമ്പ്രദായം മൗലികമായ അന്വേഷണത്തെ ഒരു വിധത്തിലും പ്രോത്സാഹിപ്പിക്കുന്നതല്ല. വിദ്യാർത്ഥികളിൻ നിരീക്ഷണ, പരീക്ഷണ, അപഗ്രഥന, നിഗമന സാമർത്ഥ്യം വളർത്തിയെടുക്കത്തക്ക വിധത്തിൽ പാഠ്യക്രമത്തിൽ കാതലായ മാററംവരണം. പ്രകൃതിയിലേക്കിറങ്ങിച്ചെല്ലാൻ അവസരമുണ്ടാകണം. ചുററുപാടുമുള്ള സമൂഹത്തെക്കുറിച്ചു മനസ്സിലാക്കാൻ സഹായകരമായ പാഠ്യേതര പരിപാടികളും, സേവനപ്രവർത്തനങ്ങളും വിദ്യാഭ്യാസപ്രക്രിയയുടെ അവശ്യഭാഗമായിത്തീരണം. വിദ്യാർത്ഥികളുടെ ഈ മേഖലയിലുള്ള കഴിവുകളും പരിശോധിപ്പിക്കപ്പെടത്തക്കവണ്ണം വിലയിരുത്തൽ പ്രക്രിയയിൽ മാററം വരുത്തണം.

4.60 കഴുത്തറുപ്പൻ മാത്സര്യബുദ്ധി വളർത്തുന്ന സാമൂഹിക സാഹചര്യത്തിൽ സഹകരണത്തിന്റെയും പാരസ്പര്യത്തിന്റെയും

# കോളേജ് കൗൺസിൽ വിജയം

## അഞ്ചൽ

അഞ്ചൽ സെൻറ്ജോൺസ് കോളേജ് കൗൺസിലിലേക്ക് നടന്ന വാശിയേറിയ തെരഞ്ഞെടുപ്പിൽ എ. കെ. പി. സി. ടി. എ. പ്രതിനിധി ജി. യോഹന്നാൻകുട്ടി വിജയിച്ചു. സംഘടനയുടെ ബ്രാഞ്ച് സെക്രട്ടറിയാണ് ശ്രീ. യോഹന്നാൻ കുട്ടി.

## നിലമേൽ

നിലമേൽ എൻ. എസ്.എസ് കോളേജ് കൗൺസിൽ തെരഞ്ഞെടുപ്പിൽ എ കെ പി സി ടി എ പ്രതിനിധികളായ ബി. ശ്രീകുമാറും, വി. ജി. അപ്പുക്കുട്ടൻ പിള്ളയും തെരഞ്ഞെടുക്കപ്പെട്ടു. ശ്രീകുമാർ എ കെ പി സി ടി എ ബ്രാഞ്ച് സെക്രട്ടറിയാണ്.

## കുറവിലങ്ങാട്

കുറവിലങ്ങാട് ദേവമാതാ കോളേജ് കൗൺസിലിലേയ്ക്ക് എ കെ പി സി ടി എ പ്രതിനിധികളായ പി. ജെ. ഉലഹന്നാൻ, പി. ഡി. പത്രോസ്, ജയിംസ് ഫിലിപ്പ് എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

സംസ്കാരം വളർത്തിയെടുക്കത്തക്ക പാഠ്യക്രമവും അനുബന്ധപരിപാടികളും ഉണ്ടാവുകയാണവശ്യം. കാലാതീതസവങ്ങൾ മതസരാധിഷ്ഠിതമല്ലാതാക്കണം.

## 5. ഉന്നതവിദ്യാഭ്യാസം

5.00 ഉന്നത വിദ്യാഭ്യാസ രംഗത്തുപ്രവർത്തിക്കുന്ന പ്രസ്ഥാനമെന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ സംബന്ധമായ വിഷയങ്ങളിലെ എ. കെ. പി. സി. ററി. എ. യുടെ നയങ്ങൾക്കും സമീപനങ്ങൾക്കും പ്രത്യേക പ്രാധാന്യമുണ്ട്.

5.10 ഉന്നതവിദ്യാഭ്യാസം കാലപരമായ ഒരു ഘട്ടം മാത്രമല്ല. അത് ഗുണപരം കൂടെയാണ്. ഇന്നുള്ള അറിവിൻെറ വിമർശനവും പുതിയ അറിവിൻെറ അന്വേഷണവും സൃഷ്ടിയും പ്രസക്തമായ അറിവിൻെറ വ്യാപനവും ഉൾക്കൊള്ളുന്ന ഒരു പ്രക്രിയ മാത്രമേ ഉന്നത വിദ്യാഭ്യാസമാകൂ. ആ അർത്ഥത്തിൽ 12 വർഷത്തിനുശേഷം നടക്കുന്ന വിദ്യാഭ്യാസമെല്ലാം ഉന്നതവിദ്യാഭ്യാസമാകില്ല. കോളേജുകളിലൊ സർവകലാശാലകളിലൊ നടക്കുന്നതാണെങ്കിൽ പോലും. 12 വർഷത്തിനു മുൻപുതന്നെ ഉന്നത വിദ്യാഭ്യാസം ആകാമെന്നും വരുന്നു. അറിവ് ഒരു സാമൂഹിക നിർമ്മിതിയാണ്. ആതുകൊണ്ട് ഉന്നതവിദ്യാഭ്യാസം അറിവിൻെറ അധീശത്വ അംശങ്ങൾ തിരിച്ചറിയുകയും വേണം. അറിവിനെ സ്വാതന്ത്ര്യത്തിൻെറയും സാമൂഹികവും പ്രകൃതിപരവുമായ പരിരക്ഷണത്തിൻെറയും മാനദണ്ഡങ്ങൾ ഉപയോഗിച്ചു വിമർശിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യുന്ന ധർമ്മം അനുഷ്ഠിക്കാത്ത പ്രക്രിയ ഉന്നതവിദ്യാഭ്യാസമെന്ന സംജ്ഞയ്ക്കർഹമല്ല. അതുകൊണ്ട് വിമർശനാത്മക അവബോധത്തിൻെറയും സർഗ്ഗസൃഷ്ടി പ്രോത്സാഹനത്തിൻെറയും വിജ്ഞാന വ്യാപന സാധ്യതകളുടെയും അളവുകോൽ ഉപയോഗിച്ചുവേണം കോളേജുകളിലും

സർവ്വകലാശാലകളിലും നടക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്താൻ.

5.20 രാജ്യത്തിന്റെ വികസനാവശ്യങ്ങൾ നിറവേററാൻവേണ്ട മനുഷ്യ വിഭവങ്ങൾ ഒരുക്കാനുള്ള പ്രത്യേക ബാദ്ധ്യത ഉന്നതവിദ്യാഭ്യാസത്തിനുണ്ട്. അതുകൊണ്ട് രാഷ്ട്രത്തിന്റെ മനുഷ്യവിഭവാവശ്യങ്ങളുമായി ബന്ധിപ്പിച്ചുവേണം ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയും പുനഃസംഘാടനവും കാണാൻ. മനുഷ്യവിഭവങ്ങളുടെ ലഭ്യതയെയും ആവശ്യത്തെയും പററിയുള്ള പഠനം വെളിവാക്കുന്നത് ഇന്നവേശ്യം. ഇന്നുള്ളതരം, വിദ്യാഭ്യാസം കുറയ്കയല്ല, മെച്ചവും വ്യത്യസ്തവുമായത് കൂടുതൽ നല്കുക എന്നത്രേ[1].

5.30 ഏതൊരു വിദ്യാഭ്യാസപദ്ധതിക്കും 3 ഭാഗങ്ങളുണ്ടായിരിക്കണം 1) അടിസ്ഥാന വിദ്യാഭ്യാസം, എല്ലാവർക്കും സൗജന്യമായി ലഭിക്കേണ്ട, മൗലിക അവകാശങ്ങളിൽപ്പെടുന്നതാണിത്, 2) വൊക്കേഷണൽ വിദ്യാഭ്യാസം. തൊഴിൽചെയ്തു ജീവിക്കാനുള്ള മനുഷ്യന്റെ മൗലികാവകാശത്തിന് അർത്ഥമുണ്ടാകണമെങ്കിൽ വിദ്യാഭ്യാസം തൊഴിലിനുകൂടെ വിദ്യാർത്ഥികളെ ഒരുക്കണം. പരിശീലനപ്രധാനമാണ് ഈ ഘട്ടം. 3) മുകളിൽ നിർവചിച്ച അവശ്യസ്വഭാവങ്ങൾ ഉള്ള ഉന്നത വിദ്യാഭ്യാസഘട്ടം. ഈ മൂന്ന് അംശങ്ങളും പരസ്പരം സന്തുലിതമായി ബന്ധപ്പെട്ടിരിക്കണം.

5.40 നമ്മുടെ സമൂഹം കൂടുതൽ കൂടുതൽ വൈജ്ഞാനികാധിഷ്ഠിതമായിക്കൊണ്ടിരിക്കുന്നു. വിജ്ഞാനമർജ്ജിക്കൽ, അതിനാൽ നിർണ്ണായക പ്രാധാന്യം കൈവരിക്കുന്നു വിജ്ഞാനവും, വിദ്യാഭ്യാസവും തമ്മിലുള്ള പരസ്പരബന്ധംമൂലം വിദ്യാഭ്യാസത്തിനു ഇതഃപര്യന്തമില്ലാത്ത, സവിശേഷപ്രാധാന്യം ഉണ്ടാകുന്നു. ആ അർത്ഥത്തിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയെന്നാൽ അറിവിന്റെയും അതുമൂലം 'അധികാര'ത്തിന്റെയും ഏററവും പ്രധാനപ്പെട്ട പ്രഭവ കേന്ദ്രത്തിൽ നിന്നും ആട്ടിയകററപ്പെടുകയെന്നാണ് അർത്ഥം. അക്ഷരത്തിന്റെ നിഷേധം ഇന്ന്, മനുഷ്യനായി, ജീവിക്കാനുള്ള അവകാശത്തിന്റെ നിഷേധമാണ്.

## 6. സർവ്വകലാശാലകൾ

6.00 സർവകലാശാലകൾ സമൂഹ മനഃസാക്ഷിയാണെന്ന പ്രസ്താവം ആവർത്തിക്കാനാവാത്തവിധം സർവകലാശാലകളുടെ വിശ്വാസനീയത ഇന്ന് തകർന്നടിഞ്ഞിരിക്കുകയാണ്. ഉദാഹരണങ്ങൾ ഉദ്ധരിച്ച് ഇത് സമർത്ഥിക്കേണ്ടതുമില്ല. ഉന്നതവിദ്യാഭ്യാസ ലക്ഷ്യങ്ങളോടു നീതി പുലർത്തുന്ന ഒരു വിദ്യാഭ്യാസ പദ്ധതി വളർത്തിയെടുക്കുന്നതിലും അഴിമതി രഹിതവും കാര്യക്ഷമവുമായ ഭരണനിർവഹണം നടത്തുന്നതിലുമെല്ലാം സർവകലാശാലകൾക്ക്, പ്രത്യേകിച്ച് കേരളത്തിലെ സർവകലാശാലകൾക്ക്, ഉണ്ടായ പരാജയം അമ്പരപ്പിക്കുന്നതാണ്. ഈ അപചയത്തിന് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടവരെല്ലാം, ഏറിയും കുറഞ്ഞും ഉത്തരവാദികളാണ്.

6.10 അക്കാദമിക് സെൻററുകൾ ആരംഭിച്ചു വേരുറച്ചതിനുശേഷം, അവ കേന്ദ്രമാക്കി സർവകലാശാലകൾ ആരംഭിക്കുകയാണ് വേണ്ടതെന്ന കൊത്താരികമ്മീഷൻ നിർദ്ദേശം, സർവകലാശാലകളുടെ ഏററവും പ്രധാനചുമതല എന്താണെന്ന് വ്യക്തമാക്കുന്നുണ്ട്- ഗവേഷണവും, അറിവിന്റെ വ്യത്യസ്തവും നൂതനവുമായ മേഖലകളിലെ പഠനവും നടക്കുന്നില്ലെങ്കിൽ 'സർവകലാശാല' എന്ന വാക്കിനുതന്നെ അർത്ഥമില്ലാതെയാകും. സർവകലാശാലകൾ തുടങ്ങുന്നതിന് ഇന്നവലംബിക്കുന്ന രീതി തന്നെ അവയുടെ അപചയത്തെ പ്രതീകവൽക്കരിക്കുന്നു. ആദ്യം അക്കാദമികേതരമായ പരിഗണനകളോടെയെടുക്കുന്ന ഒരു രാഷ്ട്രീയതീരുമാനം. പിന്നെ സ്വേച്ഛാപരമായ അധികാരങ്ങളോടുകൂടി ഒരു പ്രധാന ഉദ്യോഗസ്ഥന്റെ നിയമനം. തുടർന്ന് അഡ്മിനിസ്ട്രേററീവ് ഓഫീസ്, കെട്ടിടങ്ങൾ ഇങ്ങനെ പോകുന്നു മുൻഗണനാക്രമം! അക്കാദമിക കൗൺസിലും, പഠന—ഗവേഷണ വിഭാഗങ്ങളും ഏററവും ഒടുവിൽ, ഉണ്ടായില്ലെന്നുതന്നെയും വരാം!

6.20 സർവകലാശാലകളുടെ പ്രശ്നങ്ങൾക്ക് ഏക പരിഹാരമെന്ന മട്ടിൽ കേരളത്തിലെ അഫ്ലിയേററിംഗ് സർവകലാശാലകൾക്കെല്ലാമായി ഒരു ഏകീകൃത നിയമനം കേരള നിയമസഭയിൽ അവതരിപ്പിക്കുകയും സെല

ക്ട് കമ്മററിയിടെ പരിഗണനയ്ക്കു വിട്ടിരിക്കുകയുമാണ്. സർവകലാശാലാരംഗത്തെ പരാജയങ്ങൾ, സംഗ്രഹിച്ചു പ്രസ്താവിച്ചാൽ, രണ്ടാണ്. ഒന്ന് ദേശീയ വികസനാവശ്യങ്ങളും ജനങ്ങളുടെ ആശയാഭിലാഷങ്ങളും സഫലീകരിക്കുന്നതിന് പര്യാപ്തമായ ഗുണപരവും ഗണപരവുമായ വളർച്ച കൈവരിച്ചില്ല. രണ്ട്, ഭരണ, അക്കാദമിക രംഗങ്ങളുടെ വിവിധ തലങ്ങളിൽ ഉണ്ടായ കാര്യക്ഷമതാരാഹിത്യവും, കെടുകാര്യസ്ഥതയും, അഴിമതിയും. ഇതിന് ഏകീകൃത സർവകലാശാല നിയമത്തിന്റെ പ്രതിവിധി അങ്ങേയററം ആശങ്കാജനകവും അസ്വീകാര്യവുമാണ്. കാരണം അത് അധികാരകേന്ദ്രീകരണം. ജനാധിപത്യതത്ത്വനിഷേധം, സാർവ്വത്രിക സമാനത, കമ്പോള സ്വകാര്യതാല്പര്യ പ്രീണനം എന്നിവയിൽ അടിസ്ഥാനപ്പെടുത്തിയതാണ്.

6.30 ഉന്നത വിദ്യാഭ്യാസരംഗത്തെ ഭരണപരമായ പ്രശ്നങ്ങൾ അധികാരത്തിന്റെ കൂടുതൽ കടുത്ത പ്രയോഗത്തിലൂടെ പരിഹരിക്കാനാവുമെന്നത് ഒരു മിഥ്യയാണ്. അധികാരകേന്ദ്രീകരണം പ്രശ്നപരിഹാരമല്ല· ഉദ്യോഗസ്ഥവൃന്ദത്തിന്റെ അധികാരകുത്തക പ്രശ്നങ്ങൾ വഷളാക്കുകയേയുള്ളു.

6.31 ഇന്നത്തെ ജനാധിപത്യവ്യവസ്ഥകൾ, തീർച്ചയായും, അന്യൂനമല്ല. അവയ്ക്കു പലതരം അപാകതകൾ ഉണ്ട്. പക്ഷേ, ജനാധിപത്യപ്രക്രിയയിൽ നിന്നുമുയരുന്ന പ്രശ്നങ്ങൾ, ജനാധിപത്യത്തെ പരിമിതപ്പെടുത്തിയല്ല പരിഹരിക്കേണ്ടത്. ജനാധിപത്യത്തെ കൂടുതൽ കൂടുതൽ വിപുലപ്പെടുത്തിയും അർത്ഥപൂർണ്ണമാക്കിയുമാണ്.

6.32 വിദ്യാഭ്യാസരംഗത്തെ അവലംബനീയമായ ഏകഭരണക്രമമെന്നത്, ഓരോ തലത്തിലെയും വിദ്യാഭ്യാസ പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാവരുടെയും—വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ, രക്ഷാകർത്താക്കൾ, മാനേജ്മെന്റ്, പൊതുസമൂഹം ഗവൺമെന്റ് തുടങ്ങിയവയുടെ—പ്രതിനിധികളടങ്ങിയ സമിതികളുടെ ജനാധിപത്യഭരണക്രമം മാത്രമാണ്. അങ്ങനെവരുമ്പോൾ ഒരുതലത്തിൽ സ്വകാര്യ ഏജൻസികളുടെയും മററൊരു തലത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും ഭരണാധിപത്യത്തിൽ നിന്നും വിദ്യാഭ്യാസഘടനയെ മോചിപ്പിക്കേണ്ടതുണ്ട്. മാനേജ്മെന്റും സൂപ്പർമാനേജ്മെന്റു കൊണ്ടും പരിഹരിക്കേണ്ടതരം പ്രശ്നങ്ങളല്ല വിദ്യാഭ്യാസരംഗത്തിന്റേത്. ഈ തിരിച്ചറിവ് നിർണ്ണായകമാണ്.

6.40 ഉന്നതവിദ്യാഭ്യാസരംഗത്ത് സാർവ്വത്രികമായ സമാനത വരുത്താനുള്ള ശ്രമം ഉന്നതവിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ ധാരണാരാഹിത്യത്തിൽ നിന്നും ഉയരുന്നതാണ്. ഒരേതരം അംഗത്വവും അധികാരവും ഉള്ള സമിതികൾ ഒരേതരം പ്രവർത്തനങ്ങളും പ്രതികരണവുമാണ് കാഴ്ചവയ്ക്കുക. സ്കൂൾ വിദ്യാഭ്യാസത്തിൽ നിന്നു് ഉന്നത വിദ്യാഭ്യാസത്തെ വേർതിരിക്കുന്ന സവിശേഷതയാണ് ഇതുമൂലം നഷ്ടപ്പെടുന്നത്. വ്യത്യസ്ഥ വൈജ്ഞാനിക പ്രശ്നങ്ങളോടും പ്രാദേശിക സാംസ്കാരിക സവിശേഷതകളോടും വികസനാവശ്യങ്ങളോടും പ്രതിപ്രവർത്തിച്ച് ഓരോ സാഹചര്യത്തിലും പ്രസക്തമായ വിദ്യാഭ്യാസ പദ്ധതിക്കു രൂപം നല്കുകയെന്ന, സർവകലാശാലകളുടെ അടിസ്ഥാന ധർമ്മം ഏകീകരണ ശ്രമത്തിന്നിടയിൽ സാധിതമാകാതെവരും. ഉന്നതവിദ്യാഭ്യാസത്തിന് ആവശ്യം ഏകീകരണമല്ല· സമാനത സൃഷ്ടിക്കലല്ല. വൈവിധ്യവത്കരണമാണ്. വൈജ്ഞാനിക മേഖലയിൽ, ഗവേഷണത്തിന്റെയും പഠനത്തിന്റേയും വിഷയ സ്വീകരണങ്ങളിലും 'മെത്തഡോളജി' യിലുമെല്ലാം വ്യത്യസ്തതകൾ ഉണ്ടാവണം. ഇതിന് ഘടനകളുടെയും പ്രവർത്തനരീതികളുടെയും വഴക്ക'വും വൈവിധ്യവല്ക്കരണവും ഉണ്ടാവുകയാണാവശ്യം.

6.41 സർവകലാശാലകൾ തമ്മിൽ അവശ്യം വേണ്ട ഏകോപനത്തിനും ധാരണയ്ക്കും സർവകലാശാലപ്രതിനിധികളടങ്ങിയ സ്ററാററ്യൂട്ടറി സമിതി ധാരാളം മതിയാകും.

6.50 സർവകലാശാലകളുടെ പ്രധാന ധനാഗമം സർക്കാരിൽനിന്നാണ്. അതുകൊണ്ട് അക്കൌണ്ടബിലിററിയുടെ പേരിൽ സർക്കാരിന് സർവകലാശാലകളുടെ ധനവിനിയോഗത്തിന്മേലും അതിന്റെ ഫലമായി മററു പ്രവർത്തനങ്ങളുടെമേലും കർശനമായ നിയ

ന്ത്രണാധികാരം വേണമെന്ന സമീപനം സർവക ലാ ശാലകളുടെ സ്വയംഭരണത്തെ തകർക്കുന്ന തും സർവകലാശാലകളെ സർക്കാർ വകുപ്പാ യിതരം താഴ്ത്തുന്നതുമാണ്.

6.60 സർവകലാശാലകളുടെ സ്വയംഭര ണാവകാശം സംരക്ഷിക്കപ്പെടണം. ഇതിനു വ്യക്തമായ ഒരുദ്ദേശ്യമുണ്ട്. വിവിധ വിഭാ ഗീയ താല്പര്യങ്ങളുടെ സമ്മർദ്ദങ്ങൾക്കും മുൻഗണനാക്രമങ്ങൾക്കും അടിമപ്പെടാതെ, സ മൂഹത്തിന്റെ വിശാലതാല്പര്യങ്ങളോടും പ്ര ശ്നങ്ങളോടും സ്വതന്ത്രമായി പ്രതികരിക്കു വാനും രാജ്യത്തിന്റെ പൊതുവികസനലക്ഷ്യ ങ്ങളോടു പൊരുത്തപ്പെടുന്നവിധത്തിൽ വൈ ജ്ഞാനിക സംഭാവനകൾ നല്കുവാനും മാ നുഷിക വിഭവങ്ങൾ രൂപപ്പെടുത്തുവാനും മുള്ള പ്രാപ്തി സമാർജ്ജിക്കുകയാണ് ആ ഉദ്ദേശ്യം.

6.70 സ്വയംഭരണാവകാശമെന്നാൽ നിയ ന്ത്രണങ്ങളില്ലാത്ത അവകാശമെന്നല്ല അർത്ഥം. നിയന്ത്രണം ചെലുത്തുന്നത് സർക്കാരോ ബാ ഹ്യ ഏജൻസികളോ ആകരുതെന്നുമാത്രം. 'അക്കൌണ്ടബിലിററി' എന്നാൽ ഇന്ന് കണ ക്കെഴുത്തിന്റെ കൃത്യത ഉറപ്പാക്കുകയെന്നാണ് ധാരണ. സാമൂഹികവും അക്കാദമികവുമായ ധർമ്മനിർവഹണത്തിന്റെ സമർത്ഥത ഉറപ്പ് വരുത്തുന്ന പ്രക്രിയായി അത് ഉയരണം. അ തിനുമുഴുവൻ സമയബ്യൂറോക്രാററുകളുടെ പരിശോധനയിൽ ഒതുങ്ങുന്ന ഒരു ക്രമീകരണ മല്ല ആവശ്യം. മറിച്ച്, പ്രാതിനിധ്യസ്വഭാവ മുള്ള സമിതികളുടെ പരസ്പര നിയന്ത്രണ ത്തിന്റെ ഒരു രീതി വികസിപ്പിച്ചെടുക്കുകയാ ണ് വേണ്ടത്. അതിലൂടെയേ സർവകലാശാ ലാ പ്രവർത്തനങ്ങളുടെ സമ്പൂർണ്ണമായ സുതാ ര്യതയും ജനസമൂഹത്തിന്റെ മുമ്പിലുള്ള ബോദ്ധ്യപ്പെടുത്തലും ഉണ്ടാകൂ.

6.71 മൂന്നുവർഷത്തിലൊരിക്കൽ സെന റ്റ് ഒരു കമ്മീഷനെ നിയമിക്കണം. സെനററി നുപുറത്തുള്ള വിദ്യാഭ്യാസവിദഗ്ധന്മാരും അതിൽ അംഗങ്ങളാകണം. കമ്മീഷൻ സർവ കലാശാലാപ്രവർത്തനത്തെ സമഗ്രമായി വില യിരുത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരി ക്കുകയും വേണം. ഈ റിപ്പോർട്ട് സെനററിൽ ചർച്ച ചെയ്യണം. ശുപാർശകൾ സെനററിന് അവഗണിക്കാനാവാതെ വരികയും വേണം.

6.80 ഒരു സർവകലാശാലയുടെ പ്രാഥമി കധർമ്മം അക്കാദമികമാണെന്ന തിരിച്ചറിവിൽ, സർവകലാശാലാ സമിതികളെയാകെ ഉടച്ചുവാർ ക്കണം. ഘടനാമാററത്തിൽ അധികാര വികേ ന്ദ്രീകരണവും, സമൂഹോന്മുഖതയും പാര സ്പര്യവും ഉറപ്പാക്കണം. അക്കാദമികസമി തികൾക്ക് പ്രാമുഖ്യം നല്കണം. സെനററി ന് ഭരണക്രമത്തിൽ കുറെക്കൂടെ ഉത്തരവാദി ത്തം ലഭിക്കണം. സെനററിന് സബ്ജക്ട് കമ്മററികൾ ഉണ്ടാകണം. സിൻഡിക്കേററിന്റെ യും മുഖ്യ ഉദ്യോഗസ്ഥന്മാരുടെയും അധി കാരം പുനർവിഭജനം ഉണ്ടാകണം. അക്കാദമിക സമിതികളുടെ ഘടന പുനഃപരിശോധിച്ച് അക്കാദമിക പ്രവർത്തനത്തെ നവീകരിക്കുന്ന തിന് പര്യാപ്തമാക്കണം.

6.90 വൻകിട വ്യവസായങ്ങളെ കേന്ദ്രീ കരിച്ച ഒരു വികസന സങ്കല്പത്തോട് ഇണ ങ്ങുന്ന വിധത്തിൽ സർവകലാശാലകൾ വ്യവ സായങ്ങളുമായി ബന്ധം സ്ഥാപിക്കണമെ ന്നും വ്യവസായങ്ങളുടെയും സ്വകാര്യ ഏജൻ സികളുടേയും പ്രോജക്ടുകൾ ഏറെറടുത്തും മററും ധനസമാഹരണം നടത്തണമെന്നുള്ള നിർ ദ്ദേശങ്ങൾ ശക്തിപ്പെട്ടുവരികയാണ്. സർ വകലാശാലകൾ ഇന്നനുഭവിക്കുന്ന സാമ്പത്തിക ഞെരുക്കം ഈ നിർദ്ദേശത്തിനു പശ്ചാത്തല മൊരുക്കുന്നു. സർവകലാശാലയെ വൻകിട വ്യവസായ സ്ഥാപനങ്ങളുടെ വെറും അനുബ ന്ധസ്ഥാപനമായി മാററാത്തതും സർവകലാ ശാലയുടെ ഗവേഷണ, പഠനസംബന്ധമായ മുൻഗണനാക്രമത്തെ തകിടം മിറക്കാത്തതുമായ ബന്ധമാണ് ഉണ്ടാകേണ്ടത്. എന്നാൽ സർവ കലാശാലകളുടെ സാമ്പത്തിക ബാധ്യത നിറ വേററുന്നതിൽ സർക്കാരിനുള്ള പ്രാഥമിക ചു മതലയിൽനിന്നും സർക്കാർ പുറകോട്ടുപോ കാൻ ഇതിടയാക്കരുത്.

6.91 നിർബന്ധമായും, ചെറുകിട, കു ടിൽ വ്യവസായങ്ങളും, പരമ്പരാഗത ഉത്പാദ നസംരംഭങ്ങളും, സാമൂഹിക—പാരിസ്ഥിതി ക പ്രശ്നങ്ങളുമെല്ലാം സർവകലാശാലകളുടെ വൈജ്ഞാനിക അന്വേഷണത്തിന്റെയും പ്ര വർത്തനങ്ങളുടേയും പരിധിയിൽ വരണം.

6.92 അഫിലിയേററിംഗ് സർവകലാശാ ലകളിലെ അദ്ധ്യയന വിഭാഗങ്ങളും കോളേ

ജുകളും തമ്മിൽ നേരിട്ടൊരു ബന്ധവുമില്ലാത്ത അവസ്ഥയാണ് ഇന്ന്. ഓരോ വിഷയത്തിന്റെയും സർവകലാശാലാ വിഭാഗവും അഫിലിയേററഡ് കോളേജുകളിലെ പോസ്ററ് ഗ്രാഡ്വേററ് വിഭാഗങ്ങളും ചേർന്ന് ഒരു 'ഗുരുത്വ കേന്ദ്രം' ആകുകയും സർവകലാശാലയുടെ കീഴിലെ ആ വിഷയത്തിലെ, പഠനത്തെയാകെ ഗുണപരമായി ഉയർത്തുവാനുള്ള ചുമതല ഏറെറടുക്കുകയും വേണം.

6.93 കോളേജുകൾ ഒററപ്പെട്ട തുരുത്തുകളല്ല: കോളേജുകൾ തമ്മിൽ, പരസ്പരധാരണയോടുകൂടെ, അദ്ധ്യാപകരുടെയും പുസ്തകങ്ങളുടെയും കൈമാററം നടക്കണം. പൊതുപഠന സൗകര്യങ്ങളും സെൻട്രൽ ലബോറട്ടറികളും ക്രമീകരിക്കണം. വിവിധ കോളേജുകളിലേയും സർവകലാശാലകളിലേയും വിദ്യാർത്ഥികളുടെ പൊതു സെമിനാറുകളും പ്രബന്ധാവതരണങ്ങളും ഉണ്ടാകണം, നിരന്തരമായ അക്കാദമിക സംവാദത്തിന്റെ സജീവതയേ ഉന്നത വിദ്യാഭ്യാസരംഗത്തെ ജഡത്വത്തിന്നറുതി വരുത്തു.

## 7. കോളജുകൾ

7.00 കേരളത്തിലിന്ന് 6 സർവകലാശാലകളും 223 കോളജുകളും ഉണ്ട്. വിദ്യാർത്ഥികളുടേയും സ്ഥാപനങ്ങളുടേയും എണ്ണം മാനദണ്ഡമാക്കിയാൽ കോളേജുകൾ തന്നെയാണ് അഫിലിയേററിംഗ് സർവകലാശാലകളുടെ പ്രധാന പ്രവർത്തനമേഖല.

7.10 ഒരു ശരാശരി കോളേജിൽ, ഇന്നുള്ള പഠനരാഹിത്യത്തിന്റെ അവസ്ഥ കോളജുകൾ അനുവദിക്കപ്പെടുന്ന കാലഘട്ടം തൊട്ടുതന്നെ ആരംഭിക്കുന്നു. ഒരു ഉന്നതവിദ്യാഭ്യാസസ്ഥാപനത്തിന് ഒഴിവാക്കാനാവാത്ത അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കഴിവ് അല്ല കോളജുകൾ അനുവദിക്കുന്നതിന് ഇന്ന് മാനദണ്ഡം. സാമുദായിക സങ്കുചിത, കമ്പോള താല്പര്യങ്ങൾക്ക് കോളജുകൾ അനുവദിക്കുന്നു. ഈ ഏജൻസികൾക്കാകട്ടെ, പലപ്പോഴും ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു ദർശനമോ, സമൂഹോന്മുഖമായ വിദ്യാഭ്യാസം നൽകാനുള്ള പ്രതിജ്ഞാബദ്ധതയോ ഇല്ല. ഓരോ വർഷവും കൂടുതലായി നടത്തേണ്ട മുതൽമുടക്കിന്റെ ചുമതല അവർ ഏറെറടുക്കാറില്ല ആ ചുമതലയേറെറടുക്കണമെന്നത് 'അഫിലിയേഷന്' ഒരു നിബന്ധനയായി വയ്ക്കാറുമില്ല് സ്വാഭാവികമായും, കോളജുകൾ അസൗകര്യങ്ങളുടെ അരങ്ങുകളായും പഠനരാഹിത്യത്തിന്റെ വിളനിലങ്ങളായും തീരുന്നു. ഇത് ഓരോ വിദ്യാർത്ഥിയുടെയും ഭാവിയെ ബാധിക്കുന്നുവെന്നത് മാത്രമല്ല പ്രശ്നം. മാനുഷികവിഭവപരമായും, ധൈഷണികവും മൂല്യപരവുമായും നാടിനുണ്ടാകുന്ന നഷ്ടം വമ്പിച്ചതാണ്. കലാലയങ്ങളിൽ വിദ്യാഭ്യാസം നടക്കണമെങ്കിൻ കോളജുകൾ അനുവദിക്കുന്ന രീതിക്കു മാററംവരണം. സാമുദായിക, സങ്കുചിത താല്പര്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസരംഗം വിതം വയ്ക്കുന്ന ഇന്നത്തെ രീതി ഉപേക്ഷിച്ച് വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കാൻ അർഹതയും വൈദഗ്ധ്യവും ഉള്ള തദ്ദേശീയ സ്ഥാപനങ്ങൾക്കും പൊതുസമിതികൾക്കും സഹകരണസംരംഭങ്ങൾക്കും മാത്രം കലാലയങ്ങൾ അനുവദിക്കുക. കോളജുകൾക്ക് തുടർച്ചയായ 'അക്രെഡിറേറഷൻ' വ്യവസ്ഥ കൊണ്ടുവരികയും വേണം.

7.20 കോളേജുകളുടെ ഭരണവ്യവസ്ഥ ജനാധിപത്യവല്ക്കരിക്കപ്പെടണം. അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷാകർത്താക്കൾ, എഡ്യൂക്കേഷണൽ ഏജൻസി/മാനേജ്മെൻറ് ഇവരുടെ പ്രതിനിധികളടങ്ങിയതാകണം കോളേജിന്റെ ഗവേണിംഗ് കൌൺസിൽ. ഈ സമിതി കോളേജിന്റെ പ്രതിവർഷ അക്കാദമിക വിലയിരുത്തൽ നടത്തണം. വിദ്യാഭ്യാസ വിദഗ്ധരും, സമൂഹത്തിന്റെ പ്രതിനിധികളുമടങ്ങിയ ഒരു സമിതി ഒരു കോളേജിന്റെ സമസ്തമേഖലകളേയും മൂന്നു വർഷത്തിലൊരിക്കൽ പഠനവിധേയമാക്കണം. സമിതിയുടെ പഠനറിപ്പോർട്ട് പ്രസിദ്ധീകരിക്കണം. കോളേജിന്റെ ധനാഗമ, വിനിയോഗകാര്യങ്ങളിൽ സുതാര്യതയും 'സോഷ്യൽ ഓഡിററിംഗും' ഉണ്ടാകണം. സാമൂഹിക നിയന്ത്രണത്തിന്റെ പ്രധാന 'ഉപകരണം' അദ്ധ്യാപക, അനദ്ധ്യാപക, രക്ഷാകർത്തൃ സമിതി തിരഞ്ഞെടുക്കുന്ന എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളടങ്ങിയ സമിതിയായിരിക്കണം.

7.30 ഒരു സ്വകാര്യകോളേജിന് ആകെ-സ്ഥാപിക്കാനും നടത്തിക്കൊണ്ടു പോകാനും-വേണ്ടി വരുന്ന തുകയുടെ നിസ്സാരമായ ഒരു ഭാഗമേ ഉടമസ്ഥാനിയന്ത്രണ അവകാശങ്ങളുള്ള സ്വകാര്യ ഏജൻസി വഹിക്കുന്നുള്ളു. ശമ്പളത്തിനും, പാഠ്യ പാഠ്യേതര സൗകര്യങ്ങൾ സൃഷ്ടിക്കാനും പൊതു ഖജനാവിലും പൊതുജനങ്ങളിലും നിന്നുമാണ് ഏറെക്കുറെ മുഴുവൻ തുകയും ചെലവഴിക്കുന്നത്. സമൂഹത്തിന്റെ ചെലവിൽ നടത്തപ്പെടുന്ന ഒരു സ്ഥാപനം സാമൂഹിക ഉത്തരവാദിത്തങ്ങൾ വഹിക്കാൻ ബാദ്ധ്യസ്ഥമാണ്. സാമൂഹിക നിയന്ത്രണത്തിന്റെ യുക്തി ഈ വസ്തുതയിൽകൂടെ അധിഷ്ഠിതമാണ്.

7.40 പ്രവേശനവും നിയമനവുമായി ബന്ധപ്പെട്ട 'കോഴ'വാങ്ങുന്ന രീതി പൂർണ്ണമായി തടയണം. ഇക്കാര്യത്തിൽ സർക്കാരും സർവ്വകലാശാലകളും അവലംബിക്കുന്ന 'ഒട്ടകപ്പക്ഷി' നയം അവസാനിപ്പിച്ചേ മതിയാകൂ. അർഹരായവരുടെ നീതി നിഷേധിക്കുന്ന ഗുരുതര പ്രശ്നമാണിത്. അതിനോടൊപ്പം, വിദ്യാഭ്യാസകേന്ദ്രങ്ങളിൽ വർദ്ധിച്ചു വരുന്ന പണത്തിന്റെ ആധിപത്യവും അഴിമതിയും വിദ്യാർത്ഥികളേയും സമൂഹത്തേയും മൂല്യപരമായി അധഃപതിപ്പിക്കും. കാര്യസാധ്യാർത്ഥം പണമൊഴുക്കുന്നത് നീതീകരിക്കുന്ന പ്രവണത കരുത്താർജ്ജിക്കാനിടയാകും. നിയമനവും പ്രവേശനവും നീതിപൂർവ്വകമായ പൊതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നടത്തപ്പെടണം. ആരോഗ്യകരമായ അക്കാദമിക അന്തരീക്ഷത്തിന് ഇത് മുൻ ഉപാധിയാണ്.

7.50 ഇന്നത്തെ വിദ്യാഭ്യാസരീതി 'കോളജ്' തല പഠനത്തിന് ഒരു വിദ്യാർത്ഥിയെ ഒരു വിധത്തിലും നിർബന്ധിക്കുന്നില്ല. 'കോളജ് തല പഠന'മെന്നതിന്റെ വിവക്ഷ. ക്ലാസുമുറികളിലെ വിദ്യാർത്ഥികളുടെ ശ്രദ്ധാപൂർവ്വമായ സാന്നിദ്ധ്യം, അവിടെയുള്ള വിമർശനാത്മകവും സൃഷ്ടിപരവുമായ സംവാദം, ലൈബ്രറികളുടെയും, ലബോറട്ടറികളുടെയും പരമാവധി ഉപയോഗം, ശില്പശാലകൾ, സെമിനാറുകൾ, ലക്ചറർമാരും പ്രൊഫസറൻമാരുമായി പാഠ്യ, പാഠ്യേതര വിഷയങ്ങളധികരിച്ചുള്ള വിദ്യാർത്ഥികളുടെ ചർച്ചകൾ, മൗലികമായ ചിന്തയുടെയും പ്രവർത്തനത്തിന്റേയും ആദ്യ സ്ഫുരണങ്ങൾ എന്നൊക്കെയാണ്. ഇന്ന്, ഇതിന്റെയെല്ലാം അഭാവം കൊണ്ട് നമ്മുടെ കലാലയങ്ങൾ ദരിദ്രമാണ്. ഒരിക്കൽപ്പോലും ക്ലാസിൽ കയറാതെ പരീക്ഷയ്ക്കിരിക്കുക, ടെക്സ്റ്റുബുക്കുകൾ കാണുകപോലും ചെയ്യാതെ ഉന്നത മാർക്ക് നേടുക, കലാലയത്തിന്റെ അക്കാദമികമായ ഒരു സഹായവും കൂടാതെ ഫസ്റ്റു ക്ലാസു മേടിക്കുക, മൗലികതയുടെ ഒരംശം പോലും വെളിവാക്കാതെ റാങ്ക് കരസ്ഥമാക്കുക. ഇതൊക്കെ ഇവിടെ സംഭാവ്യമാണ്. ഇതിന്നൊരവസാനം ഉണ്ടാകണം.

7 51 'കോളേജിൽ യഥാർത്ഥമായി നടക്കേണ്ട പഠനത്തിന്റെ അഭാവം' വിദ്യാർത്ഥികളുടെ മാത്രമല്ല, ഈ നാടിന്റെ ഭാവിയുടെ പ്രതിസന്ധിയായി കാണണം.

7.60 കോളേജുകൾ പ്രാദേശിക സമൂഹത്തിന്റെ മാർഗദീപമായി മാറണം. സമീപപ്രദേശത്തിന്റെ വികസനപരവും, പാരിസ്ഥിതികവുമായ ആവശ്യങ്ങളുമായും, സാമൂഹിക പ്രശ്നങ്ങളുമായും ബന്ധപ്പെടുകയെന്നത് ഒരു കോളേജിന്റെ സ്വാഭാവികതയായി തീരണം. ഓരോ കോളേജിനും ഒരു 'സോഷ്യൽ പ്രോജക്ട്' ഉണ്ടാകണം. അദ്ധ്യാപക-അനദ്ധ്യാപകരും, വിദ്യാർത്ഥികളും ധൈഷണികമായും കായികപരമായും ആ പദ്ധതിയിൽ പങ്കു ചേരണം.

## 8. പ്രീ-ഡിഗ്രിയിൽ പുനഃസംഘാടനം

8.00 'പ്രീ-ഡിഗ്രി' കോഴ്സ്, അവശ്യം, ഒരു സർവ്വകലാശാലാകോഴ്സ് ആണ്. അത് വിഘടിപ്പിച്ച് സ്കൂൾ തലത്തിലാക്കണമെന്ന നിർദ്ദേശത്തിലടങ്ങിയ യുക്തിരാഹിത്യം നമ്മുടെ വിദ്യാഭ്യാസ പണ്ഡിതൻമാർക്കു മനസിലാകുന്നില്ലെന്നതാണ് ഇന്നത്തെ ദുരന്തം.

8,10 കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തിന് സമഗ്രമായ ഹയർ-സെക്കണ്ടറി തലം ആവിഷ്ക്കരിക്കുകയാണ് അടിയന്തിരമായി വേണ്ടത്. അതിനുള്ള കരിക്കുലം-സിലബസ് നിർമ്മാണം ഉടനെ നടത്തണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ മൗലിക സവിശേഷതകളോടു കൂടി

യ ഈ കോഴ്സ് സ്ക്കൂരം വിദ്യാഭ്യാസത്തി ൻെറ ഭാഗമായി സ്ക്കൂളുകളിൽ നടത്തണം.

8.11 ഒരു അഖിലേന്ത്യാപദ്ധതിയുടെ വി വേചനാരഹിതമായ നടപ്പാക്കൽ അല്ല ഇവിടെ യാവശ്യം. കേരളത്തിൻെറ സവിശേഷ സാഹ ചര്യങ്ങളെയും ആവശ്യങ്ങളെയും കണക്കിലെടു ത്തുകൊണ്ടും സി. ബി. എസ് ഇ-ഐ സി എസ് ഇ. മുതലായ പദ്ധതികളുടെ വെളിച്ച ത്തിലും ഒരു പുതിയ ഹയർസെക്കണ്ടറി വിദ്യ ഭ്യാസപദ്ധതി വികസിപ്പിച്ചെടുക്കുകയാണ് വേണ്ടത്. അതനുസരിച്ച് ടെർമിനൽ സ്വഭാവ മുള്ള ഹയർ-സെക്കണ്ടറി കോഴ്സുകൾ സ്ക്കൂ ളുകളിൽ ആരംഭിക്കുക.

8.20 ഇന്ന് എസ് എസ് എൽ സി ക്കുശേ ഷം കോളേജുകളിലും പാരലൽ കോളേജുകളി ലും പ്രൈവററായും പഠിക്കുന്ന എല്ലാ വിദ്യാർ ത്ഥികളേയും ഉൾക്കൊള്ളത്തക്കവണ്ണം വിപുല മായിരിക്കണം ഇത്.

8.30 പ്രി ഡിഗ്രി കോഴ്സ് ഒരു സർവ്വ കലാശാലാ തല കോഴ്സ് ആയതുകൊണ്ട്, അ ത് മുറിച്ചുമാററി വ്യത്യസ്ത സമ്പ്രദായത്തി ലുള്ള സ്ക്കൂൾ വ്യവസ്ഥയോടു ചേർക്കുകയ ല്ല വേണ്ടത്. അത് എന്നും സർവ്വകലാശാലക ളിൽ തന്നെ ആയിരിക്കണം നടത്തപ്പെടേണ്ടത്. ഇതിൻെറ വിവക്ഷ, എക്കാലവും പ്രി ഡിഗ്രി കോഴ്സ് ഉണ്ടായിരിക്കണമെന്നല്ല. മറിച്ച്. ഇന്നത്തെ രീതിയിലുള്ള പ്രി ഡിഗ്രി കോഴ് സ് അവസാനിക്കുക തന്നെ വേണം. സ്ക്കൂ ളുകളിൽ ഹയർ-സെക്കണ്ടറിതലം വികസിപ്പി ച്ചു വരുന്നമുറക്ക് കോളേജുകളിൽ പ്രിഡിഗ്രി ഇല്ലാതാക്കാൻ ദീർഘകാല പദ്ധതി സംവിധാ നം ചെയ്യണം. എ. ഡി. 2000-ത്തോടെ കോളേ ജുകളിൽ നിന്നും പ്രിഡിഗ്രി കോഴ്സ്അപ്ര ത്യക്ഷമാകുന്നതിന് വേണ്ട ക്രമീകരണങ്ങൾ നട ത്തണം. അടുത്ത ആറ്, ഏഴ് വർഷത്തിനുള്ളിൽ ഇന്ന് അഫിലിയേററഡ് കോളേജുകളിൽ ജോ ലി ചെയ്യുന്ന അദ്ധ്യാപകരിൽ ഏകദേശം 35-40 ശതമാനം പേർ റിട്ടയർ ചെയ്യുന്ന കേരളത്തി ലെ പ്രത്യേക സാഹചര്യം ഇതിന്നായി പ്രയോ ജനപ്പെടുത്തണം.

8.31 പ്രിഡിഗ്രി തലത്തിൽ കാലികമായി സിലബസ് പരിഷ്കാരം ആകാം. അത് ബ ന്ധപ്പെട്ട സമിതികൾ നിയമങ്ങൾക്കു വിധേയ മായി നടപ്പാക്കണം.

8.32 അടുത്ത ഏതാനും വർഷങ്ങൾക്കു ള്ളിൽ കോളേജുകളിൽ നിന്നും ഈ കോഴ്സു കൾ അപ്രത്യക്ഷമാകുന്നതുവരെ, പ്രിഡിഗ്രി ഒന്നുംരണ്ടുംവർഷ പരീക്ഷകൾ സർവ്വകലാശാല കൾതന്നെ നടത്തണം. ഇംപ്രൂവ്മെൻറ്പരീക്ഷ കൾ കോഴ്സ് കഴിഞ്ഞവർക്കുവേണ്ടി മാത്രം നടത്തുന്നതിനെക്കുറിച്ച് ആവശ്യമെങ്കിൽ ആ ലോചിക്കാം.

8.40 സർവ്വകലാശാലാതലത്തിൽ ഇന്നുജോ ലി ചെയ്യുന്ന എല്ലാ അദ്ധ്യാപകരേയും, ആ തലത്തിൽ തന്നെ നിലനിർത്തണം.

8.50 പ്രൈവററ് രജിസ്ട്രേഷൻ നിർത്താ നുള്ള നീക്കങ്ങൾ ഇന്നത്തെ പൊതു വിദ്യാഭ്യാ സതാല്പര്യങ്ങൾക്ക് വിരുദ്ധമാണ്. പ്രി ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കിയതിലൂടെ വ്യക്തമാക്കിയ കാര്യം, അത് എല്ലാവർക്കും അവകാശപ്പെട്ട പൊതു വിദ്യാഭ്യാസമാണെന്ന ത്രേ. ഓപ്പൺ യൂണിവേഴ്സിററി മുതലായ അനൗപചാരിക വിദ്യാഭ്യാസസംവിധാനങ്ങൾ പൊതുവിദ്യാഭ്യാസത്തിനു പകരം വെയ്ക്കുന്ന നടപടികൾ ഉപേക്ഷിക്കണം.

(ശേഷം അടുത്ത ലക്കത്തിൽ)


## ജേർണൽ വരിസംഖ്യ അയയ്ക്കുക

'കേരള പ്രൈവററ് കോളേജ് ടീച്ചർ' വാർഷിക വരിസംഖ്യ 25 രൂപ യാണ്. ബ്രാഞ്ചുകളിലെ എല്ലാ അദ്ധ്യാപകരേയും ജേർണൽ വരിക്കാരായി ചേർക്കുവാൻ സംഘടനാ പ്രവർത്തകർ പ്രത്യേകം ശ്രദ്ധിക്കണം.

വരിസംഖ്യ മാനേജിംഗ് എഡിററുടെ പേർക്ക് മണിഓർഡറായോ, ഡ്രാഫ്ററായോ അയയ്ക്കുക.

വിലാസം : A. PRATHAPACHANDRAN NAIR
Kuravattam, Paruthippally P. O.,
Thiruvananthapuram. Pin : 695574.

# നിവേദനങ്ങൾ

## 23-3-90 നു ശേഷം നിയമിക്കപ്പെട്ട അധ്യാപകരുടെ പ്രശ്നം

To

The Minister for education
Govt. of Kerala

Sir,

Sub:- Teachers appointed after 23-3-90 - withdrawal of recent circular regarding-

I would like to present the following for your serious consideration and favourable orders.

Teachers, appointed after 23-3-90 in the 48% category have all the qualifications prescribed by the UGC and their appointments were made as per the rules and regulations of the Universities. Thus they belong to the common pool of college Teachers and they teach students belonging to all the college classes.

But the recent circular issued by the Add. Director of Collegiate Education and the letter No. 24852/F2 / 94, Higher Education, dt.9-12-94 from the secretary to Government, Higher Education Department addressed to the DCE-Trivandrum have cast shadows of misgivings in the minds of teachers appointed after 23-3-90.

In this connection, we may mention that the teachers recently appointed are not given approval by the Universities, and we learn with regret that this is at the instance of the Govt. This has caused great hardship to these teachers. We feel that they don't deserve this discriminating treatment at the hands of the Govt.

In view of the above facts, we request that the Govt. may treat them as College Teachers and withdraw the instructions issued to the Universities. So that these teachers may get approval and would enjoy all the benefits enjoyed to the College Teachers.

Yours faithfully,
K. P. DIVAKARAN NAIR
General Secretary

## M. Phil, Ph.D ഉള്ള അധ്യാപകർക്ക് ആനുകൂല്യം നിഷേധിക്കരുത്

To

The Director of Collegiate
Education, Vikas Bhavan,
Trivandrum.

Sir,

Sub : Denial of the benefits of relaxation of one year and three years for M. Phil. and Ph.D. Degree holders respectively for placement to higher grade - complaint regarding-

Ref :- 1. G. O. (P) No. 99/90/H.Edn. dt. 27-3-90.

2. G. O. Ms. No. 116/90/H. Edn. dt. 15-5-90.

This is to bring to your attention an important problem that requires immediate solution.

The Government order cited (1) above clearly states that College Teachers who passes M. Phil. and Ph.D. Degree will be given the benefit of relaxation of one year and three years respectively for placement and fixation to higher grades. And until recently the teachers were enjoying the benefit.

But now the Deputy Directors of Collegiate Education are denying this benefit of relaxation to M. Phil and Ph.D. Degree holders who belong to the 48% category. The G. O. cited (2) above clearly states that the benefit is extended to this category also. So the Deputy Director's action is quite unjustifiable.

We, therefore, request you to issue necessary instructions to the Deputy Directors to give the above mentioned benefit to all the Ph.D. and M. Phil Degree holders, as was in the past.

Yours faithfully,
K. P. DIVAKARAN NAIR
General Secretary

Thiruvananthapuram,
25-4-95

## സ്ക്രീനിംഗ്: നിർദേശങ്ങൾ മാററണം

To

The Director of Collegiate
Education, Vikas Bhavan,
Thiruvananthapuram

Sir,
Sub :
Ref: 1 Circular No. UGC Cell (1) 11035/92/Coll Edn. dt. 28-6-95
2. Circular No. UGC Cell 1 (1 1035/92/Coll. Edn. dt. 12-5-95

This is to bring certain important matters to your serious consideration and favourable orders.

1. The decision (1) that the screening Committee would meet only twice a year may be revised as it causes inconvenience to many teachers It would be desirable and helpful for all the committe meets at least four times a year.
2. The decision (2) which calls for self appraisal report in form I & II for the preceeding three years is to be revised.

Only the self-appraisal report in form No. II and that too only for the immediately preceeding one year is to be insisted upon.

3. Among the documen ts/details to be furnished before the screening committee,it wassuggested that details of L. W. A. availed (*with copies of the order*) should also be furnished. This may not be insisted upon if details regarding the LWA are recorded in the service book of the concerned teacher.
4. The principals of private colleges have been asked to forward the proposals for placement of teachers as detailed in para 2 to the Manager of the Colleges who in turn will consolidate the list subjectwise and forward the list to the office of the DCE.

This may be insisted upon only in the case of those teachers who come over to the scheme.

Besides, let me also request you to take necessary steps to redesignate those

Lecturers holding Ph.D Degree and having 13 or more years of service and belonging to UGC scale (48% category.) Their proposals for redesignation as readers may also be processed by the UGC Cell in the DCE's Office, so that they can be forwarded to the Screening Committee for appropriate action.

Awaiting early orders,

Yours faithfully,
K. P. DIVAKARAN NAIR
General Secretary.

Trivandrum,

# TFS: ശമ്പളംനിഷേധിക്കരുത്

To
The Commissioner and Secretary
Higher Education
Government of Kerala
Thiruvananthapuram.

Sir,

Sub: Teacher - Fellowship - scheme- Denial of salary to teacher fellows and Substitutes-regarding-

We wish to draw your attention to the follwing for your immediate consideration and favourable orders.

The teacher Fellowship scheme is intended for the academic uplift in the field of Higher Education. The teachers selected for fellowships under this scheme are to be given full encouragement for the successful implementation of the scheme. But the present system of misinterpreting the UGC norms and issuing of contradictory orders has unfortunately resulted in innumerable hurdles and untold miseries to the teacher fellows.

The teachers selected for TFS are all permanent teachers and as such they are entitled to receive their salary in time. But most of the teachers selected for TFS and who have joined the University/Institute have been denied their salary for no fault of theirs. In this respect we wish to point out that the teacher has no authority or power in the appointment of substitutes. In the case of private colleges it is the power vested with the management. Denial of salary of teachers on the basis of non-appointment of substitutes of the violation of the Government orders by the management is tantamount to punishing the teacher. As a result the real offender gets away scotfree whereas the innocent is punished.

In cases where substitutes are not appointed the Government does not at all lose a single pie since no additional financial commitment is involved. Further in the case of Corporate management all the colleges under the management are to be treated as a composite unit. As such teachers who are found to be in excess as per the UGC workload are to be shifted against the vacancies created consequent on the deputation of the teacher fellows. As per the G. O. (P) 3593 Higher Education dated 15-3-93 no substitute shall be appointed if there is "surplus staff due to the implementation of UGC norms with regard to the workload of teachers".

Sub section 6 (a) (b) of Section 57 of the Kerala and Calicut University Acts and subsection (2) (a)and (b) of section 62 of the Mahatma Gandhi University Act specify that a teacher appointed against a short term vacancy and continuing as such shall be appointed against a substantive vacancy or a vacancy of

# ഗവ: ഉത്തരവുകൾ

GOVERNMENT OF KERALA

Abstract

General Administration—Strike by a Section of Government Employees Teachers on 16-6-1992 Regularisation of Unauthorised Absence—Orders Issued

GENERAL ADMINISTRATION (SS) DEPARTMENT

G. O. (MS) No. 1/94/GAD.

Dated, Thiruvananthapuram, 3rd January, 1994

Read : 1. GO. (MS.) No. 103/88/GAD dated 11-3-1988
2. Circular Memorandum No. 48358/SS1/92/GAD dated 8-6-92

ORDER

A section of State Government Employees and Teachers went on Strike on 16-6-92 in the G. O. read above, it was inter alia ordered that the period of unauthorised absence of employees for participation in any strike would be decided by Government on merits of each case.

2. Government have examined the question of regularisation of unauthorised absence of the employees/teachers on the strike day on 16-6-92 and are pleased to order that the unauthorised absence on that day will be treated as duty for all purposes except for pay and allowances.

By Order of the Governor,
PALAT MOHANDAS,
Commissioner and Secretary

---

longer duration which arises during the pendency of the short, term vacancy and a thrown out teacher shall be appointed against the next vacancy that arises in the college or colleges as the case may be. As per this section teachers who are having claim for appointment are to be appointed against the vacancies of teacher fellows. There are any number of cases where such teachers are entitled for higher salary by virtue of the long service they have put in. The denial of salary to both the teacher fellows and the substitutes appointed on the basis of statutory requirements is illegal.

The present practice of admitting the salary claim of teacher fellows only after obtaining the sanction of deputation by the Government is illogical and unfair. The execution of the Bond by the teacher fellows who are permanent teachers and the consequent sanctioning of deputation by the Government are routine administrative matters and as such involves administrative delay. Hence the denial of salary to the teacher fellows on this ground results n unnecessary hardship to the teachers.

In this connection we may mention the following fact. A number of teacher fellows who were denied their salary on the ground mentioned above, approached the Hon. High Court of Kerala for the redressal of their just and legitimate grievence and the Hon. High Court ordered the Govt. to immediately disburse the salary of those teachers.

In the light of the above we request you to issue orders (1) to disburse the salary of teacher fellows on the basis of the joining report and attendance certificate (2) to disburse the salary of teachers appointed as per section 57-6 (a) and (b) of the Kerala and Calicut University Acts and Section 62 (a) and (b) of the Mahatma Gandhi University Act.

An early action in this regard would be very much appreciated.

Yours faithfully,
PROF. K. P. DIVAKARAN NAIR

Thiruvananthapuram,
24-4-95

## Digital Information Systems

T.C. 9/1020-4, 'BLOSSOM' SASTHAMANGALAM
Trivandrum-695 010 Ph. 67834 Fax-0471-67834

BISHOP JEROME NAGAR
Kollam 691 001. Ph. 79738

HCL HEWLETT PACKARD

# AUTHORISED DEALER & DISTRIBUTOR

FOR

# HCL-HEWLETT PACKARD COMPUTER & PERIPHERALS

**Hardware :**

- ☐ Sound Blaster
- ☐ Floppy Diskettes
- ☐ CD Drives
- ☐ FAX/Modem Accessories
- ☐ Video Blaster
- ☐ Compact Diskettes
- ☐ Cartridge Tape
- ☐ Line Printers of all variety
- ☐ Dot Matrix Printers of All variety
- ☐ Ink Jet Printers-Colour & Mono
- ☐ Laser Printers

**Software**

- ☐ All Microsoft Products
- ☐ DTP Softwares, RDBMS, Softwares,
- ☐ Accounting Packages,
- ☐ Custom Made Packages.

We offer best customer support

## GOVERNMENT OF KERALA

Abstract

GENERAL ADMINISTRATION—BHARATH BANDH ON 9-9-1993 REGULARISATION OF UNAUTHORISED ABSENCE—ORDERS ISSUED

GENERAL ADMINISTRATION (S S) DEPARTMENT

G. O. (P) No. 181/95 GAD, Dated, Thiruvananthapuram, 13th June 1995.

Read :— 1. G. O. (Ms) 103/88 GAD dated 11-3-1988.

2. Circular No. 76635/SSI/93/GAD dated 24th August 1993 and 7th October, 1993.

ORDER

A section of State Government Employees and Teachers struck work on 9-9-1993 in connection with the Bharath Bandh. In the G O. read above, it was inter alia ordered that the period of unauthorised absence of employees participating in any strike would be decided by Government on merits of each case.

2. Government have examined the question of regularisation of unauthorised absence of the employees/ teachers who participated in the Bharath Bandh on 9-9-1993 and are pleased to order that the unauthorised absence on that day will be regularised by granting eligible Earned Leave/Half Pay Leave on receipt of such application.

By Order of the Governor
G. GOPALAKRISHNA PILLAI,
Additional Chief Secretary

---

## GOVERNMENT OF KERALA

Abstract

General administration - Strike by a section of Government Employees/Teachers on 29-9-1993 - Regularisation of unauthorised absence - Orders Issued

GENERAL ADMINISTRATION DEPARTMENT

G. O. (P) No. 162/95/GAD. Dated, Tvm. 20th May 1995

Read :- 1. G.O. (MS) 103/88/GAD dated 11-3-1988.

2. Circular Memorandum No. 83912/SSI/93/GAD dated 20-9-1993

ORDER

A Section of State Government Employees and Teachers went on strike on 29-9-1993. In the G. O. read above, it was inter alia ordered that the period of unauthorised absence of employees participating in any strike would be decided by Government on merits of each case.


2. Government have examined the question of regularisation of unauthorised absence of the employees/teachers on the strike day on 29-9-1993 and are pleased to order that the unauthorised absence on that day will be regularised by granting eligible Earned Leave/Half Pay Leave on application.

By order of the Governor,
G. GOPALAKRISHNA PILLAI,
Additional Chief Secretary.

---

edited printed and published by prof. v. narayanan kutty at chempaka printers, tvm-4 phone: 442127 chief editor k. sukumaran nair

R. No. 36025/81 Kerala Private College Teacher Reg. No. KLTV(N) 35



പ്രൊഫ. ആർ. സുന്ദരേശൻനായർ കുടുംബ സഹായനിധിയിലേയ്ക്ക് വർക്കല എസ്. എൻ. കോളേജ് ബ്രാഞ്ചിന്റെ അരലക്ഷം രൂപയ്ക്കുള്ള ഡ്രാഫ്റ്റ് ബ്രാഞ്ച് പ്രസിഡന്റ്, കൺവീനർ പ്രൊഫ. എൽ. ജി. വർഗ്ഗീസിനെ ഏൽപ്പിക്കുന്നു.

## എകെപിസിടിഎ സംസ്ഥാനകമ്മിറ്റി ഓഫീസ്മന്ദിരം

# രണ്ടാംനില പണി ആരംഭിച്ചു

**കെട്ടിടഫണ്ട് ഇനിയും നല്കാത്ത ബ്രാഞ്ചുകൾ ഉടൻ എത്തിക്കുക**